# തോട്ടം മേഖലയിലെ പ്രതിസന്ധിയും പരിഹാരനിർദ്ദേശങ്ങളും

☆ ☆

## ജസ്റ്റീസ് എൻ. കൃഷ്ണൻ നായർ കമ്മിഷൻ റിപ്പോർട്ട്

**2016**

## ഉള്ളടക്കം:


| ക്രമ നംപർ | വിഷയം | പേജ് |
|---|---|---|
| 1. | അദ്ധ്യായം 1<br>ആമുഖം | 3=5 |
| 2. | അദ്ധ്യായം 2<br>തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി | 5-6 |
| 3. | അദ്ധ്യായം 3<br>ഉയർന്ന ഉത്പാദന ചെലവിനുള്ള കാരണങ്ങൾ | 7-13 |
| 4. | അദ്ധ്യായം 4<br>ഉപ്പന്നങ്ങളുടെ വിലയിടിവിനുള്ള കാരണങ്ങൾ | 13-29 |
| 5. | അദ്ധ്യായം 5<br>(1) തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക്,<br>(2) കാലാവസ്ഥ വ്യതിയാനം | 29-37<br>37-38 |
| 6. | അദ്ധ്യായം 6<br>തോട്ടം മേഖല അഭിമുഖീകരിക്കുന്ന മറ്റു പ്രശ്നങ്ങൾ | 38-46 |
| 7. | അദ്ധ്യായം 7<br>പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ | 46-50 |
| 8. | അദ്ധ്യായം 8<br>പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ | 50-52 |
| 9. | അദ്ധ്യായം 9<br>ഉപസംഹാരം | 52-53 |
| 10. | അനുബന്ധം-1 | 54-59 |
| | അനുബന്ധം-2 | 60-61 |
| | അനുബന്ധം-3 | 62 |
| | അനുബന്ധം-4 | 63 |

## അദ്ധ്യായം - 1

# ആമുഖം

സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി 27.11.2015 ലെ സർക്കാർ ഉത്തരവ് നമ്പർ 188/15/തൊഴിൽ പ്രകാരം ഈ ഏകാംഗ കമ്മിഷനെ നിയമിച്ചിട്ടുള്ളതാണ്. 25.01.2016-ലെ സർക്കാർ ഉത്തരവ് നമ്പർ 14/2016/തൊഴിൽ അനുസരിച്ച് താഴെ പറയും പ്രകാരം ടേംസ് ഓഫ് റെഫറൻസ് കമ്മീഷൻ നടത്തുന്ന പഠനത്തിന് ആധാരമായി നിശ്ചയിച്ചിട്ടുണ്ട്.

"പ്ലാന്റേഷൻ മേഖലയിൽ നിലവിലുള്ള പ്രതിസന്ധി പരിശോധിച്ച് ആയത് തരണം ചെയ്യുന്നതിന് ഹ്രസ്വ-ദീർഘ കാലത്തേക്കുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക"

കമ്മിഷന്റെ കാലാവധി ഒരു മാസമായിരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ കാലാവധിക്കുള്ളിൽ കമ്മിഷന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 01.03.2016 മുതൽ 6 മാസത്തേക്ക് കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചിട്ടുള്ളതാണ്.

കമ്മിഷൻ ചുമതലയേറ്റ ശേഷം പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധിയെക്കുറിച്ചും അതിനുള്ള പരിഹാരമാർഗ്ഗങ്ങളെപ്പറ്റിയും ഉള്ള അഭിപ്രായങ്ങൾ ബന്ധപ്പെട്ടവരിൽനിന്നും ആരാഞ്ഞുകൊണ്ട് പത്രക്കുറിപ്പ് നൽകുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം, പുനലൂർ, പീരുമേട്, മൂന്നാർ എന്നിവിടങ്ങളിൽ വച്ച് കമ്മീഷൻ തെളിവെടുപ്പ് നടത്തുകയുണ്ടായി. കൂടാതെ പുനലൂർ കഴുതുരുട്ടിയിലുള്ള ഹാരിസൺസ് മലയാളം ലിമിറ്റഡ്, ട്രാവൻകൂർ റബ്ബർ ആന്റ് ടീ -യുടെ അമ്പനാട് എസ്റ്റേറ്റ്, പൊൻമുടി

ടീ എസ്റ്റേറ്റ്, മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റ്, പൂട്ടിക്കിടക്കുന്ന ബോണക്കാട് എസ്റ്റേറ്റ് എന്നിവിടങ്ങൾ കമ്മീഷൻ സന്ദർശിക്കുകയും ചെയ്തു.

തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനു മുൻപായി കേരള സംസ്ഥാനത്തെ തോട്ടം മേഖലയുടെ പ്രാധാന്യത്തെക്കുറിച്ച് ഒരു ചെറുവിവരണം ആവശ്യമാണ്.

ഡോ. എം.എസ്സ്.സ്വാമിനാഥൻ കേരളത്തെ 'ഇന്ത്യയുടെ പ്ലാന്റേഷൻ സംസ്ഥാനം' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. കേരളത്തിന്റെ തോട്ടം മേഖലയ്ക്ക് 200-ലധികം വർഷത്തെ പൈതൃകവും പാരമ്പര്യവും അവകാശപ്പെടാവുന്നതാണ്. ഇന്ത്യയുടെ ആകെ ആഭ്യന്തര തോട്ടവിള ഉത്പാദനത്തിന്റെ 46%-വും കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിലെ രണ്ടാമത്തെ തൊഴിൽ ദാതാക്കളും ഇവിടത്തെ തോട്ടം മേഖലയാണ് എന്ന വസ്തുത ഏറെ ശ്രദ്ധേയമാണ്. ഈ മേഖലയിലെ തൊഴിലാളികളിൽ 60%-വും സ്ത്രീകളാണ് എന്നത് എടുത്തു പറയേണ്ടതാണ്. സംസ്ഥാനത്ത് തൊഴിലവസരം സൃഷ്ടിക്കുന്നതിൽ തോട്ടം മേഖല മുഖ്യ പങ്ക് വഹിക്കുന്നു. 3 1/2 ലക്ഷം തൊഴിലാളികൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയാണിത്. ഏകദേശം 17 ലക്ഷം ആളുകൾ പ്ലാന്റേഷൻ മേഖലയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതായത് സംസ്ഥാന ജനസംഖ്യയുടെ 20%-വും ഈ മേഖലയെ ആശ്രയിച്ചാണ് കഴിയുന്നത്. പ്രധാനപ്പെട്ട തോട്ടവിളകളായ റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ കൂടാതെ ഓയിൽ പാം, കശുമാവ് തുടങ്ങിയവയും കേരളത്തിൽ വൻതോതിൽ കൃഷി ചെയ്തു വരുന്നു.

കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 27%-ലും തോട്ടവിളകൾ കൃഷി ചെയ്തുവരുന്നു. ഇന്ത്യയുടെ മൊത്തം പ്ലാന്റേഷനുകളുടെ 39%-വും കേരളത്തിലാണ്. ആയ

തിനാൽ ഈ തൊഴിൽ മേഖലയ്ക്ക് കേരളത്തിന്റെ സമ്പദ് ഘടനയിലെന്നപോലെ ഇന്ത്യയുടെ സമ്പദ് ഘടനയിലും വലിയ പ്രാധാന്യമാണുള്ളത്.

കേരളത്തിലെ തോട്ടങ്ങൾ നമ്മുടെ സാമൂഹ്യ-സാമ്പത്തിക പുരോഗതിക്ക് വളരെ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. നിർഭാഗ്യവശാൽ കുറെ കാലമായി ഈ മേഖല വലിയ തകർച്ച നേരിട്ടുകൊണ്ടിരിക്കുകയാണ്.

..................

അദ്ധ്യായം - 2

# തോട്ടം മേഖല നേരിടുന്ന പ്രതിസന്ധി

പ്ലാന്റേഷൻ മേഖലയുടെ ദുർവ്വിധി 1990-കാലഘട്ടങ്ങളിൽ ആരംഭിച്ചതാണ്. വർദ്ധിച്ചുവന്ന വിപണിയിലെ അനിശ്ചിതത്വം അംഗീകൃത കൃഷി നടത്തിപ്പ് മാർഗ്ഗങ്ങൾ ഉപേക്ഷിക്കപ്പെടുന്ന നിലയിലെത്തുകയും തൊഴിലാളികളുടെ പിരിച്ചുവിടൽ, കമ്പനി പൂട്ടിയിടൽ, എന്നിവയിലേക്ക് നയിക്കുകയും ചെയ്തു.

പ്ലാന്റേഷൻ മേഖലയിൽ ഉടലെടുത്ത പ്രശ്നങ്ങൾ 1990-കളിൽ നടപ്പിലാക്കി വന്ന വിപണി പരിഷ്ക്കാരങ്ങളുടെ ഒഴിച്ചുകൂടാനാവാത്ത അനന്തരഫലങ്ങളാണ് എന്ന് കരുതപ്പെടുന്നു. സാർക്ക് എഗ്രിമെന്റ്, ASEAN കരാർ തുടങ്ങിയവയിൽ ഇന്ത്യ കൂടി പങ്കാളിയായതിനാൽ ഈ പ്രതിസന്ധിക്ക് ആഗോളതലത്തിലുള്ള മാനം കൂടി കൈവരുകയും പ്രതിസന്ധി സംബന്ധിച്ച് പരിഹാരമാർഗ്ഗം കണ്ടെത്തുന്നത് കൂടുതൽ സങ്കീർണ്ണമാകുകയും ചെയ്തു. ലോക കമ്പോളത്തിലെ വില തകർച്ച, എണ്ണവിലയിലെ സ്ഥിരതയില്ലായ്മ, തുടങ്ങി ഒട്ടനേകം ഘടകങ്ങൾ ഇന്ത്യയിലെ പ്ലാന്റേഷൻ

ഉത്പന്നങ്ങളുടെ വില ഇടിയുന്നതിന് കാരണമായി. ശ്രീലങ്ക, മലേഷ്യ, ചൈന, ഗ്വാട്ടിമാല തുടങ്ങിയ രാജ്യങ്ങൾ കേരളത്തിലെ പ്ലാന്റേഷനുകളിൽ നിന്നും ലഭിക്കുന്ന ഉത്പന്നങ്ങളായ തേയില, കാപ്പി, ഏലം, റബ്ബർ തുടങ്ങിയവ ഉത്പാദിപ്പിച്ച് വില കുറച്ച് ലോക കമ്പോളത്തിൽ വിറ്റഴിക്കാൻ തുടങ്ങി. ഇറക്കുമതി ചുങ്കം നാമമാത്രമായപ്പോൾ കാര്യങ്ങൾ കൂടുതൽ വഷളായി.

കേരളത്തിൽ കൃഷി ചെയ്യുന്ന തോട്ട വിളകൾ പ്രധാനമായും റബ്ബർ, കാപ്പി ഏലം, തേയില, എന്നിവയാണ്. ഒരു കാലഘട്ടത്തിൽ വളരെ ലാഭകരമായി പ്രവർത്തിച്ചുവന്ന പല തോട്ടങ്ങളും ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. തന്മൂലം പല തോട്ടങ്ങളും ഇതിനകം തന്നെ അടച്ചുപൂട്ടുകയും ചെയ്തിട്ടുണ്ട്.

**പ്ലാന്റേഷൻ മേഖലയിലെ പ്രതിസന്ധിയുടെ കാരണങ്ങൾ പ്രധാനമായും രണ്ടാണ്:-**

1. ഉയർന്ന ഉത്പാദന ചെലവ്
2. പ്ലാന്റേഷൻ ഉത്പന്നങ്ങളുടെ വിലയിടിവ്

കേരളത്തിൽ ഒരു കിലോ തേയില ഉത്പാദിപ്പിക്കുന്നതിന് ശരാശരി 137 രൂപ ചെലവ് വരുന്നുണ്ട്. തേയിലയ്ക്ക് ലേലത്തിലൂടെ ലഭിക്കുന്നത് ശരാശരി 94 രൂപയുമാണ്. അതുപോലെ റബ്ബറിന്റെ ഉത്പാദന ചെലവ് കിലോയ്ക്ക് ശരാശരി 160 രൂപ വരുമ്പോൾ കർഷകർക്ക്/തോട്ടമുടമകൾക്ക് ലഭിക്കുന്ന ശരാശരി വില 98 രൂപയുമാണ്. ഏലത്തിന് കിലോയ്ക്ക് ശരാശരി ഉത്പാദന ചെലവ് 720 രൂപയും വില്പനവില ശരാശരി 640 രൂപയുമാണ്. കാപ്പിയുടെ കാര്യവും വ്യത്യസ്തമല്ല. സംസ്കരിക്കാത്ത ഒരു കിലോ കാപ്പിക്കുരുവിന് 190 രൂപ ഉത്പാദിപ്പിക്കുന്ന കർഷകന് ചെലവാകുമ്പോൾ കിട്ടുന്ന വില കിലോയ്ക്ക് 156 രൂപ മാത്രമാണ്.

അദ്ധ്യായം-3

# ഉയർന്ന ഉത്പാദന ചെലവിനുള്ള കാരണങ്ങൾ:

## 1) പ്ലാന്റേഷനുകളിലെ വിവിധയിനം നികുതികൾ

തോട്ടം ഉടമകളുടെ സംഘടനയായ എ.പി.കെ-യുടെ അഭിപ്രായത്തിൽ ഉയർന്ന ഉത്പാദന ചെലവിന്റെ ഒരു കാരണം നിലവിലുള്ള അശാസ്ത്രീയമായ നികുതി ഘടനയാണ്.

പ്ലാന്റേഷൻ ഉത്പന്നങ്ങളുടെ വിലക്കുറവ് നിമിത്തം തോട്ടം ഉടമകൾ സർക്കാരിലേക്ക് നൽകേണ്ടുന്ന വിവിധ തരം നികുതികൾ ഒടുക്കുന്നതിന് പ്രയാസപ്പെടുന്നുണ്ട്. നിലവിലുള്ള പ്രതിസന്ധി രൂക്ഷമാകാതിരിക്കാൻ നികുതി ഘടനയിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. ഇന്ത്യയിൽ പ്ലാന്റേഷൻ ടാക്സ് ഈടാക്കുന്ന ഏക സംസ്ഥാനം കേരളമാണ്. ഹെക്ടറിന് 700 രൂപ നിരക്കിലാണ് പ്ലാന്റേഷൻ ടാക്സ് ഈടാക്കുന്നത്. എ.പി.കെ. ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റ് അനുസരിച്ച് 2014-15 കാലഘട്ടത്തിൽ 1,32,20,000/- രൂപ പ്ലാന്റേഷൻ ടാക്സ് ഇനത്തിൽ സർക്കാർ ഈടാക്കിയിട്ടുള്ളതായി കാണുന്നു. കൂടാതെ പ്ലാന്റേഷൻ ടാക്സ് ഇനത്തിൽ ഒരു രൂപ പിരിച്ചെടുക്കുന്നതിന് എട്ട് രൂപ ചെലവ് വരുമെന്ന് തോട്ടം ഉടമകളുടെ സംഘടന ബോധിപ്പിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ ഇന്നത്തെ അവസ്ഥയിൽ പ്ലാന്റേഷൻ ടാക്സ് പൂർണ്ണമായി നിർത്തലാക്കേണ്ടതാണ്.

വരുമാനത്തിന്റെ 50% അഗ്രികൾച്ചറൽ ഇൻകം ടാക്സായി ഈടാക്കുന്നുണ്ട്. എന്നാൽ 2016-17-ൽ അത് 30% കുറവു ചെയ്തിട്ടുണ്ട്. ഇതിനു പുറമേ ഒരു വർഷത്തേക്ക് അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഒടുക്കുന്നതിൽ നിന്നും തോട്ടം ഉടമകളെ ഒഴിവാക്കിയിട്ടുണ്ട്. ഇന്നത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ ആശ്വാസ നട

പടി പര്യാപ്തമല്ല. തമിഴ് നാട്ടിൽ കാർഷികാദായനികുതി ഒടുക്കുന്നതിൽ നിന്നും തോട്ടം ഉടമകളെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ കേരളത്തിലും കാർഷികാദായ നികുതി ഒഴിവാക്കുകയോ കുറഞ്ഞത് അഞ്ച് വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ കെട്ടിട നികുതി ഈടാക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. തോട്ടങ്ങളിലുള്ള ആഫീസ് കെട്ടിടങ്ങളുടെയും ലയങ്ങളുടെയും കെട്ടിട നികുതി തോട്ടം ഉടമകളാണ് ഒടുക്കേണ്ടത്. വളരെ പഴക്കമുള്ളതും, ജീർണ്ണാവസ്ഥയിലുള്ളതും, ആൾതാമസമില്ലാത്തതുമായ ലയങ്ങളുണ്ട്. ഇത്തരം ലയങ്ങൾക്ക് കെട്ടിട നികുതി ഒടുക്കുന്നതിൽ നിന്നും തോട്ടം ഉടമകളെ ഒഴിവാക്കേണ്ടതാണ്.

119-ാമത് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പഠന റിപ്പോർട്ടിലെ കണ്ടെത്തൽ പ്രകാരം കേരളത്തിലെ തോട്ടം ഉടമകളിൽ നിന്നും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതൽ ഭൂനികുതി ഈടാക്കുന്നുണ്ട്. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവുകൾ അനുവദിക്കേണ്ടതാണ്.

ഈ അവസരത്തിൽ ജസ്റ്റീസ് എം. പി.മേനോൻ കമ്മീഷന്റെ റിപ്പോർട്ടിലെ പ്ലാന്റേഷൻ മേഖലയിലെ വിവിധയിനം നികുതികളെപ്പറ്റിയുള്ള താഴെ പറയുന്ന പരാമർശങ്ങൾ പ്രസക്തമാണ്.

*"The industry in the State is taxed at levels higher than those applicable to other industries, though in the matter of employment-generation, and*

*expenditure on welfare measures, the plantations play a more significant role. The Commission has no hesitation in recommending that the plantation industry in the State should not be made liable for payment of taxes at rates higher than those applicable to the business income of corporations or companies engaged in other industries."*

## (2) <u>ഉയർന്ന സാമൂഹിക ചെലവ് (High Social Cost)</u>

ഉയർന്ന സാമൂഹ്യ ബാധ്യത ഉത്പാദനചെലവ് വർദ്ധിക്കാനുള്ള ഒരു കാരണമായി തോട്ടം ഉടമകൾ പറയുന്നു. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് തൊഴിലാളികൾക്ക് താമസിക്കുവാൻ ലയങ്ങൾ, ആശുപത്രി, കുടിവെള്ളം; ശൗചാലയങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സ്കൂൾ, കൊച്ചു കുട്ടികൾക്ക് ക്രഷ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ട ബാധ്യത തോട്ടം ഉടമകൾക്കാണ്. എന്നാൽ നിലവിലുള്ള പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഈ വിധത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിന് തോട്ടം ഉടമകൾക്ക് കഴിയുന്നില്ല.

ഇന്റർ മിനിസ്റ്റീരിയൽ കമ്മറ്റി റിപ്പോർട്ടിൽ തോട്ടം മേഖലയുടെ ഇന്നത്തെ അവസ്ഥയിൽ പ്ലാന്റേഷൻ ലേബർ ആക്ട്-ൽ പറയുംപ്രകാരമുള്ള ക്ഷേമപ്രവർത്തനങ്ങളുടെ മുഴുവൻ ചെലവും തോട്ടം ഉടമകൾ വഹിക്കുന്നത് പ്രായോഗികമല്ലാത്തതുകൊണ്ട് 50:40:10 എന്ന അനുപാതത്തിൽ യഥാക്രമം തോട്ടം ഉടമകളും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും വഹിക്കേണ്ടതാണ്. പക്ഷേ, കമ്മറ്റിയുടെ ശുപാർശ ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് നിർദ്ദേശിക്കുന്ന തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾ തോട്ടം ഉടമകൾ വേണ്ട തരത്തിൽ ചെയ്യുന്നുവെങ്കിൽ ഉത്പാദന ചെലവ് വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ തൊഴിലാളി യൂണിയൻ പ്രതിനിധികൾ തെളിവെടുപ്പ് വേളയിൽ പരാതികൾ ഉന്നയിച്ചിരുന്നതുപോലെ മിക്ക എസ്റ്റേറ്റുകളിലെയും ലയങ്ങൾ പൊട്ടിപ്പൊളിഞ്ഞതും ടോയ്‌ലെറ്റുകൾ ഉപയോഗപ്രദമല്ലാത്തതുമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. പെമ്പിളൈ ഒരുമൈയുടെ പ്രസിഡന്റ് ലയങ്ങളുടെ സൗകര്യങ്ങൾ സംബന്ധിച്ച് പരാതി ഉന്നയിച്ചിരുന്നു. ലയങ്ങളിൽ സൗകര്യമുള്ള കക്കൂസ്സുകളില്ലെന്നും കുടിവെള്ള സൗകര്യമില്ലാത്ത ലയങ്ങളുണ്ടെന്നും ഒരു കിടപ്പുമുറി മാത്രമുള്ള ലയങ്ങളിലാണ് താമസിക്കുന്നതെന്നും പരാതിപ്പെട്ടിട്ടുണ്ട്.

പെമ്പിളൈ ഒരുമൈ പ്രസിഡന്റിന്റെ മൊഴിയിൽ ഇങ്ങനെ പറയുന്നു: “ഏതു നിമിഷവും നിലംപതിക്കാവുന്ന ലയങ്ങളിലാണ് ഞങ്ങൾ താമസിക്കുന്നത്. പല ലയങ്ങളിലും ടോയ്‌ലറ്റുകളോ സെപ്റ്റിക് ടാങ്കുകളോ ഇല്ല. രണ്ട് യൂണിറ്റുകൾ ഒന്നാക്കി താമസസൗകര്യം വർദ്ധിപ്പിക്കാമെന്ന് ഉറപ്പ് നൽകിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ല.”

പല എസ്റ്റേറ്റുകളിലും ആൾതാമസമില്ലാതെ ലയങ്ങൾ ഒഴിഞ്ഞുകിടക്കുന്നു. അതേ സമയം ഒരു കിടപ്പുമുറി മാത്രമുള്ള ലയങ്ങളിൽ അച്ഛനും അമ്മയും പ്രായപൂർത്തിയായ മക്കളും ചെറുമക്കളും ഉൾപ്പെടെയുള്ള കുടുംബം താമസിക്കുന്നു. ആൾപാർപ്പില്ലാത്ത ലയങ്ങൾ, താമസയോഗ്യമെങ്കിൽ, ഒരു കുടുംബത്തിന് രണ്ട് ലയങ്ങൾ താമസത്തിന് നൽകേണ്ടതാണ്.

തോട്ടങ്ങളിലെ ലയങ്ങളെപ്പറ്റി പെമ്പിളൈ ഒരുമൈ പ്രസിഡന്റിന്റെ അഭിപ്രായത്തോട് കമ്മീഷൻ പൂർണ്ണമായും യോജിക്കുന്നു. കമ്മീഷൻ നേരിട്ട് സന്ദർശിച്ച മിക്ക എസ്റ്റേറ്റുകളിലെയും ലയങ്ങൾ പൊട്ടിപ്പൊളിഞ്ഞതും ഏതു നിമിഷവും നിലംപൊത്താവുന്ന അവസ്ഥയിലുള്ളതുമാണ്.

കമ്മീഷൻ നേരിട്ടു സന്ദർശിച്ച പൊൻമുടി തേയില എസ്റ്റേറ്റിന്റെ സ്ഥിതി പരിതാപകരമാണ്. ടി എസ്റ്റേറ്റിലെ ലയങ്ങളിൽ ഒന്നിൽ പോലും കക്കൂസില്ല. മഴക്കാലത്ത് ചോർന്നൊലിച്ച് വെള്ളം കയറി ലയങ്ങൾ നശിച്ച അവസ്ഥയിലാണ്. ലയങ്ങളുടെ മേൽകൂരയും ഭിത്തിയും എപ്പോൾ വേണമെങ്കിലും നിലംപൊത്താവുന്ന അവസ്ഥയിലുള്ളതാണ്. മലയിൽനിന്ന് ഒഴുകിവരുന്ന വെള്ളം ശേഖരിച്ച് കുടിവെള്ളമായി നൽകുന്നു. ഇത്തരം ലയങ്ങളിൽ തൊഴിലാളികളെ താമസിപ്പിക്കുന്നത് മനുഷ്യാവകാശലംഘനമാണ്. ജീവിക്കാനുള്ള അവകാശം എന്നാൽ അന്തസ്സായി ജീവിക്കുന്നതിനുള്ള അവകാശമാണ്. പൊൻമുടി തേയില എസ്റ്റേറ്റ് ലയങ്ങൾ കന്നുകാലി തൊഴുത്തുകളെക്കാൾ മോശമാണ്.

1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം കാലാകാലങ്ങളിൽ തോട്ടങ്ങളിലെ ലയങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിന് തോട്ടമുടമ ബാധ്യസ്ഥനാണ്. തൊഴിലുടമ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഉത്തരവ് നൽകുകയാണ് പതിവ്. ഈ ഉത്തരവ് പ്രകാരം ലയങ്ങൾ റിപ്പയർ ചെയ്തിട്ടില്ലെങ്കിൽ ബന്ധപ്പെട്ട പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തൊഴിലുടമയ്ക്കെതിരെ കേസ്സെടുക്കണം. ഇത്തരം സന്ദർഭങ്ങളിൽ പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന് റിപ്പോർട്ട് ചെയ്യുമ്പോൾ പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ പ്രസ്തുത ലയങ്ങൾ സർക്കാരിൽ നിന്നുള്ള തുക ഉപയോഗിച്ച് അറ്റകുറ്റപ്പണി നടത്തുകയും ആയതിന്റെ ചെലവ് ബന്ധപ്പെട്ട തൊഴിലുടമയിൽനിന്ന് റെവ

ന്യൂ റിക്കവറി പ്രകാരം ഈടാക്കേണ്ടതുമാണ്. പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ അഭിപ്രായത്തിൽ ലയങ്ങൾ ഇപ്രകാരം പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അറ്റകുറ്റപ്പണി ചെയ്ത് റവന്യൂ റിക്കവറി നടത്തിയ അനുഭവം അദ്ദേഹത്തിന്റെ അറിവിലില്ല.

തോട്ടം മേഖലയിലുള്ള ആശുപത്രികളിൽ പരിചയസമ്പന്നരായ ഡോക്ടർമാരില്ലെന്നും ആവശ്യത്തിന് ജീവനക്കാരില്ലെന്നും അത്യാവശ്യം മെഡിക്കൽ സൗകര്യങ്ങളില്ലെന്നും കെ.ടി.യു.സി.(ബി)-യുടെ സംസ്ഥാന ജനറൽ സെക്രട്ടറി മൊഴി നൽകിയിട്ടുണ്ട്. തൊഴിലാളി യൂണിയനുകളുടെ പരാതികൾ ശരിയാണെന്ന് കമ്മീഷൻ നേരിട്ട് കണ്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഇക്കാരണങ്ങളാൽ വർദ്ധിച്ച സാമൂഹ്യ ചെലവ് ഉത്പാദന ചെലവ് വർദ്ധിക്കുന്നതിന് കാരണമാണെന്നുള്ള തോട്ടം ഉടമകളുടെ വാദം അംഗീകരിക്കാൻ കഴിയില്ല. പ്ലാന്റേഷൻ ലേബർ ആക്ടിൽ നിർദ്ദേശിക്കുന്ന വിധത്തിലുള്ള സൗകര്യങ്ങൾ തോട്ടം ഉടമകൾ തൊഴിലാളികൾക്ക് ഏർപ്പെടുത്തിക്കൊടുത്താൽ സാമൂഹ്യ ചെലവ് ഉത്പാദന ചെലവ് വർദ്ധിക്കുന്നതിന് ഒരു കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല.

## (3) <u>ഉത്പാദനക്ഷമതാ കുറവ്</u>

ഭൂമിയുടെ ഉത്പാദന ശേഷിക്കുറവ്, തൊഴിലാളികൾ ചെയ്യുന്ന ജോലിക്കുറവ്, മൂലധനക്കുറവ് എന്നിവ തോട്ടങ്ങളുടെ ഉത്പാദന ചെലവ് വർദ്ധിപ്പിക്കുന്നതായി തോട്ടം ഉടമകളുടെ സംഘടനയായ APK-യുടെ സെക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി. ഭൂമിയുടെ ഉത്പാദന ശേഷി കുറയുന്നതിനെപ്പറ്റി അദ്ദേഹം താഴെ പറയുന്നതുപോലെ മൊഴി നൽകിയിട്ടുണ്ട്.

"ഒരു ഹെക്ടർ സ്ഥലത്തുനിന്നും കിട്ടുന്ന ലാഭം വളരെ കുറവായതിനാൽ പുതിയ നിക്ഷേപം നടത്താൻ കഴിയുന്നില്ല. പിന്നീട് ഈ മേഖലയിൽ പുതിയ നിക്ഷേപം നടത്താൻ കഴിയുന്നില്ല. ആയതിനാൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്ന തിനുള്ള നടപടി സ്വീകരിക്കാൻ കർഷകർക്ക് കഴിയുന്നില്ല."

തൊഴിലാളിയിൽനിന്നുള്ള ഉത്പാദനക്ഷമത ഏറ്റവും കുറച്ച് ലഭിക്കുന്ന സംസ്ഥാനം കേരളമാണെന്നും അദ്ദേഹം സാക്ഷി മൊഴി നൽകിയിട്ടുണ്ട്.

തോട്ടങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിന് മൂലധന ത്തിന്റെ കുറവ് അനുഭവപ്പെടുന്നു. കാർഷിക ഉത്പന്നങ്ങളുടെ വിലയിലെ സ്ഥിരത യില്ലായ്മയും മുടക്കുമുതലിന് ആനുപാതികമായി ലാഭം കിട്ടാതെ വരുന്നതു കൊണ്ടും വീണ്ടും മുതൽ മുടക്കുന്നതിന് എസ്റ്റേറ്റുകൾക്ക് കഴിയുന്നില്ല. കണ്ണൻദേ വൻ പ്ലാന്റേഷൻ അസ്സോസിയേഷനും ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ് ലിമിറ്റഡും ഉത്പാദനക്ഷമതാക്കുറവ് പ്രതിസന്ധിക്ക് കാരണമായി പറയുന്നുണ്ട്.

........

**അദ്ധ്യായം -4**

# ഉൽപ്പന്നങ്ങളുടെ വിലയിടിവിനുള്ള കാരണങ്ങൾ:

പ്ലാന്റേഷൻ ഉത്പന്നങ്ങളായ തേയില, റബ്ബർ, ഏലം, കാപ്പി എന്നിവയെല്ലാം വിലത്തകർച്ച മൂലമുള്ള പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു. ഓരോ വിളയെയും സംബന്ധിച്ച വിലത്തകർച്ചയും ആയത് നേരിടുന്നതിനുള്ള പരിഹാരനിർദ്ദേശങ്ങളും ചുവടെ വിവരിക്കുന്നു.

## (1) തേയില

തേയിലയ്ക്ക് പരസ്യവിപണിയിൽ വിലക്കുറവ് അനുഭവപ്പെടുന്നില്ലെങ്കിലും ഉത്പാദകന് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഒരു കിലോ തേയില ഉത്പാദിപ്പിക്കുന്നതിന് 137 രൂപ ചെലവ് വരുമ്പോൾ ലേലത്തിലൂടെ തോട്ടം ഉടമയ്ക്ക് ലഭിക്കുന്നത് 94 രൂപയാണ്. എന്നാൽ കടകളിൽ നിന്ന് ഒരു കിലോ തേയില വാങ്ങുന്നതിന് 240-300 രൂപ വരെ നൽകേണ്ടിവരുന്നു. ഇടനിലക്കാരായ കമ്പനികൾ ലാഭം കൊയ്യുന്നു എന്ന വസ്തുത സ്പഷ്ടമാണ്. റബ്ബർ വിൽക്കുന്നതുപോലെ തേയിലയും വിൽക്കുവാൻ അനുമതി നൽകിയാൽ ഉത്പാദകന് ഇന്നത്തേക്കാൾ വില ലഭിക്കാനിടയുണ്ട്.

കമ്മീഷൻ പീരുമേട്ടിൽ തെളിവെടുപ്പ് നടത്തിയപ്പോൾ ഹൈറേഞ്ച് പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയന്റെ പ്രസിഡന്റ് നൽകിയ മൊഴിയുടെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

"പീരുമേട് മേഖലയിലെ തേയിലതോട്ടങ്ങളിൽ 2000 മുതൽ അതിരൂക്ഷമായ പ്രതിസന്ധി നിലനിൽക്കുന്നു. പ്രധാന കാരണം തേയിലയുടെ വില തകർച്ചയാണ്. കയറ്റുമതി കുറഞ്ഞു. റഷ്യയായിരുന്നു പ്രധാന ഉപഭോക്താവ്. അന്താരാഷ്ട്ര വിപണിയിൽ തേയില വില കുറഞ്ഞ് ലഭിക്കുന്നു. അഞ്ച് തോട്ടങ്ങൾ പീരുമേട് മേഖലയിൽ അടഞ്ഞുകിടക്കുന്നു. കേരളത്തിൽ മൊത്തം 8 എണ്ണം അടഞ്ഞു കിടക്കുന്നു. ഉത്പാദകന് വില കിട്ടുന്നില്ല. ഇടനിലക്കാരായ ബ്രോക്കേഴ്സ് ചൂഷണം ചെയ്യുന്നതാണ് പ്രധാന പ്രതിസന്ധി. ലേല വ്യവസ്ഥയിൽ മാറ്റമുണ്ടാക്കണം."

കേരള പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ (CITU) സെക്രട്ടറി ഫയൽ ചെയ്ത സ്റ്റേറ്റുമെന്റിലെ താഴെപ്പറയുന്ന ഭാഗം പ്രസക്തമാണ്:

"തേയില ഒരു നിത്യോപയോഗ സാധനമാണ്. അത് കടകളിൽ നിന്ന് അന്യായ വില നൽകിയാണ് ജനങ്ങൾ വാങ്ങുന്നത്. ലേലവില കുറവും വില്പനവില വളരെ കൂടുതലുമാണ്. ഇത് അവസാനിപ്പിക്കുന്നതിന് സർക്കാർ തന്നെ ന്യായവില നൽകി സംഭരിക്കുകയും പൊതുവിതരണ സംവിധാനം വഴി ഇന്നത്തെക്കാൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കുകയും ചെയ്താൽ തേയിലയുടെ വിലത്ത കർച്ചയ്ക്ക് പരിഹാരം ഉണ്ടാക്കാം."

കേരളത്തിലെ തേയില തോട്ടങ്ങളിൽ 100 വർഷത്തിലേറെ പഴക്കമുള്ള തേയില ചെടികളുണ്ട്. അത്തരം തോട്ടങ്ങളിൽ റീപ്ലാന്റ് ചെയ്യുന്നതിന് ടീ ബോർഡ് വഴി ആവ ശ്യമായ സഹായം നൽകേണ്ടതാണ്. പഴയ ചെടികൾ മാറ്റി അത്യുത്പാദനശേഷി യുള്ള ചെടികൾ നട്ടുപിടിപ്പിക്കേണ്ടത് ആവശ്യമാണ്. ഉത്പാദനമില്ലാത്ത കാലഘട്ട ത്തിൽ റീപ്ലാന്റ് ചെയ്യുന്ന ഏരിയയ്ക്ക് ധനസഹായം നൽകേണ്ടതാണ്.

മുൻനിര തേയില എസ്റ്റേറ്റുകൾക്കെല്ലാം സ്വന്തമായ വിപണന ശൃംഖലകളുണ്ട്. മാർക്കറ്റിംഗ് കമ്പനികൾ ലാഭമുണ്ടാക്കുകയും, എന്നാൽ എസ്റ്റേറ്റുകൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ പ്രതിസന്ധിയിലാണെന്ന് പറയുകയും ചെയ്യുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്വന്തമായി വിപണന സംവിധാനം ഇല്ലാത്ത ട്രാവൻകൂർ റബ്ബർ ആന്റ് ടീ കമ്പനി തുടങ്ങിയ തേയില എസ്റ്റേറ്റുകളിൽ നിന്നുള്ള തേയില ലേലത്തിൽ പിടിച്ച് വൻകിട മാർക്കറ്റിംഗ് കമ്പനികൾ തങ്ങളുടെ എസ്റ്റേറ്റുക ളിൽ നിന്നുള്ള തേയിലയോടൊപ്പം ഉയർന്ന വിലയ്ക്ക് വിറ്റഴിക്കുന്നു. വർക്കേഴ്സ് കോൺഗ്രസ്സ് മൂന്നാറിന്റെ ജനറൽ സെക്രട്ടറിയുടെ അഭിപ്രായത്തിൽ ടാറ്റയും കണ്ണൻ ദേവൻ കമ്പനിയും തേയില വ്യവസായത്തിലെ വിപണനത്തിന് പ്രാധാന്യം നൽകു കയും എന്നാൽ തേയില ഉത്പാദിപ്പിക്കുന്ന പ്ലാന്റേഷൻ മേഖലയോട് താല്പര്യക്കു

റവ് കാട്ടുകയും ചെയ്യുന്നു. ചെറിയ എസ്റ്റേറ്റുകളിൽ നിന്നുള്ള തേയില ലേലത്തി ലൂടെ സംഭരിച്ച് ടാറ്റയുടെയും കെ.ഡി.എച്ച്.പി-യുടെയും ലേബലിൽ വിറ്റഴിക്കുന്ന സാഹചര്യമാണുള്ളത്.

സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പോലെയുള്ള പൊതുവിതരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി തേയില തോട്ടങ്ങളിൽ നിന്ന് തേയില നേരിട്ട് ശേഖരിക്കുന്നതിനും എസ്റ്റേറ്റുകൾക്ക് ന്യായവില കിട്ടുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്താൽ ഈ മേഖലയിലെ പ്രതിസന്ധി പരിഹരി ക്കാൻ കഴിയും. വൻകിട തേയില കമ്പനികൾ വിൽക്കുന്ന വിലയിലും കുറഞ്ഞ വിലയ്ക്ക് തേയില വിൽക്കുന്നതിനും കഴിയും. കമ്മീഷന്റെ തെളിവെടുപ്പ് സന്ദർഭ ങ്ങളിൽ ട്രേഡ് യൂണിയൻ നേതാക്കളും ചെറുകിട തേയില തോട്ടം മാനേജുമെന്റു കളും ഇക്കാര്യം ബോധിപ്പിച്ചിട്ടുള്ളതാണ്.

## (2) റബ്ബർ

തോട്ടം മേഖലയിലെ ഒരു പ്രധാനപ്പെട്ട പ്രതിസന്ധി റബ്ബറിന്റെ വിലയിടിവാണ്. 2015-16-ൽ റബ്ബറിന്റെ വില കിലോയ്ക്ക് 95 രൂപ മുതൽ 120 രൂപ വരെയായിരുന്നു. ഒരു കിലോ റബ്ബർ ഉത്പാദിപ്പിക്കുന്നതിന് 168 രൂപയോളം ചെലവ് വരുന്നുണ്ടെന്ന് തൊഴിലുടമകൾ അഭിപ്രായപ്പെടുന്നു.

ഇറക്കുമതി കൂടുന്നതനുസരിച്ച് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബ റിന്റെ വില കുറഞ്ഞുവരുന്നു. നിലവിലുള്ള എല്ലാ അന്താരാഷ്ട്ര കരാറുകളും ഇറ ക്കുമതി വ്യവസ്ഥകൾ ലളിതമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ സാധ്യമായ നിയന്ത്രണ

ങ്ങൾ ഏർപ്പെടുത്തി റബ്ബർ ഉത്പാദകർക്ക് മെച്ചപ്പെട്ട വില ലഭിച്ചാൽ മാത്രമേ ഈ വ്യവസായത്തിന് ഭാവിയുള്ളൂ.

2020-ൽ 16 ലക്ഷം ടൺ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം പ്രതീക്ഷിക്കുന്നു. കിലോയ്ക്ക് 100 രൂപയിൽ താഴെ മാത്രമേ വില കിട്ടുന്നുള്ളൂ എന്നതുകൊണ്ട് ചെറുകിട റബ്ബർ തോട്ടം ഉടമകൾ മറ്റ് കാർഷിക മേഖലകൾ തെരഞ്ഞെടുത്തു തുടങ്ങിയിട്ടുണ്ട്. റബ്ബറിന് ഇപ്പോഴത്തെ വിലയിൽ നിന്നും മെച്ചപ്പെട്ട വില ലഭിച്ചില്ലെങ്കിൽ 2020-ൽ 16 ലക്ഷം ടണ്ണിന്റെ ഉത്പാദനം ലഭിക്കുമോ എന്ന കാര്യം സംശയമാണ്. റബ്ബറിനെ കാർഷിക ഉത്പന്നങ്ങളുടെ കൂട്ടത്തിൽ പരിഗണിച്ചിട്ടില്ലാത്തതിനാൽ റബ്ബർ വ്യവസായം നിരവധി പ്രതിസന്ധികൾ നേരിടുന്നുണ്ട്. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം ലഭിക്കാതെ വരിക, കൃഷിക്കുള്ള വൈദ്യുതി താരിഫിനു പകരം വ്യവസായത്തിനുള്ള വൈദ്യുതി താരിഫ് നൽകേണ്ടതായിവരുക, റബ്ബർ തടിക്ക് സീനിയറേജ് നൽകേണ്ടിവരിക, പ്ലാന്റേഷൻ ടാക്സ് ഒടുക്കേണ്ടിവരിക തുടങ്ങിയവ റബ്ബറിനെ കാർഷികേതര ഉത്പന്നങ്ങളുടെ കൂട്ടത്തിൽ ഉൾക്കൊള്ളിച്ചതിന്റെ അനന്തര ഫലങ്ങളാണ്. റബ്ബറിനെ ഒരു കാർഷികേതര ഉത്പന്നമായി കണക്കാക്കുന്നതിനാൽ ഇറക്കുമതി സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് കഴിയുന്നില്ല. ഇതു സംബന്ധിച്ചുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് 119-ാമത് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതോടൊപ്പം ഇറക്കുമതി നിയന്ത്രിക്കുകയും ചെയ്താൽ ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കാൻ കഴിയും. റോഡുകളുടെ നിർമ്മാണത്തിന് റബ്ബർ ബിറ്റുമിൻ (Natural Rubber Modified

Bitumin) ഉപയോഗിക്കുകയാണെങ്കിൽ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം വർദ്ധിക്കും. 119-ാമത് പാർലമെന്ററി സ്റ്റാന്റിംഗ് കമ്മിറ്റി താഴെ പറയും പ്രകാരം ശുപാർശ ചെയ്തിട്ടുള്ളതാണ്.

*"The Committee in view of the excellent performance parameter of Natural Rubber Modified Bitumin (NRMB) recommend the Department of Commerce to engage the Ministry of Road Transports and Highways and State Government in order to promote use of NRMB in their road construction. Though the initial cost of construction may be a little high, but the advantages thereof in terms of maintenance cost and road safety are quite significant".*

സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം 2009 മുതൽ മുന്നോട്ടുള്ള വർഷങ്ങളിൽ കൂടിയിട്ടുണ്ടെങ്കിലും അതനുസരിച്ച് റബ്ബർ വിലയിൽ വർദ്ധനവ് കാണുന്നില്ല. അതിന് കാരണമായി തോന്നുന്നത് ആഭ്യന്തര ഉപഭോഗം കൂടുമ്പോൾ കൂടുതലായി റബ്ബർ ഇറക്കുമതി ചെയ്യുന്നു എന്നതാണ്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബർ ആഭ്യന്തര ഉപയോഗത്തിന് തികയാതെ വന്നാൽ ബാക്കി ആവശ്യമായി വരുന്ന റബ്ബർ മാത്രമേ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതിന് അനുവദിക്കാവൂ.

റബ്ബർ തടി കൊണ്ടുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ ആരംഭിക്കേണ്ടതും അംഗങ്ങളായി പ്ലാന്റേഷനുകളെക്കൂടി ഉൾക്കൊള്ളിക്കാവുന്നതുമാണ്. റബ്ബർ ബോർഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്താൽ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താവുന്നതുമാണ്.

**<u>സീനിയറേജ് സംബന്ധിച്ച് 119-ാം പാർലമെന്ററി സ്റ്റാന്റിംഗ് കമ്മറ്റിയുടെ അഭിപ്രായം:</u>**

പാട്ടഭൂമിയിലുള്ള റബ്ബർ പ്ലാന്റേഷനുകളിൽ റീപ്ലാന്റ് ചെയ്യുമ്പോൾ മുറിച്ചു മാറ്റുന്ന റബ്ബർ തടിക്ക് വനംവകുപ്പിൽ നിന്നും സീനിയറേജ് ഈടാക്കുന്നു. പാട്ടഭൂമിയല്ലാത്ത തോട്ടങ്ങളിൽ നിന്നും റബ്ബർ തടിക്ക് സീനിയറേജ് ഈടാക്കുന്നുമില്ല. ഇത്തരത്തിലുള്ള രണ്ട് സമീപനം അവസാനിപ്പിക്കേണ്ടതാണെന്ന് കമ്മറ്റി ശുപാർശ ചെയ്യുന്നു. കൂടാതെ റബ്ബർ തടി ഒരു കാർഷിക ഉത്പന്നമാണെന്നും, വനത്തിൽ നിന്നുള്ള മറ്റ് തടികളുടെ കൂട്ടത്തിൽ ഉൾക്കൊള്ളിക്കാനാകാത്ത ഒന്നാണെന്നും കമ്മിറ്റി അഭിപ്രായപ്പെടുന്നു. ആയതിനാൽ റബ്ബർ ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളോടും സീനിയറേജ് റബ്ബർ തടിക്ക് ചുമത്തുന്നത് അവസാനിപ്പിക്കാനുള്ള നടപടി കൈക്കൊള്ളുന്നതിന് കമ്മിറ്റി ശുപാർശ ചെയ്യുന്നു. കമ്മറ്റിയുടെ ശുപാർശയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

*"The Committee finds it a little worrisome that the rubber timber is considered a forest produce on government leased lands while it is considered agricultural produce on non-leased plantations. The Committee is on firm belief that this duality must be stopped. The Committee is of the view that it would be better if Rubber is considered as a purely agricultural produce and therefore excluded from the list of forest species."*

കമ്മിഷൻ പുനലൂരിൽ വച്ച് തെളിവെടുപ്പ് നടത്തിയ അവസരത്തിൽ കൊല്ലം ജില്ലാ പ്ലാന്റേഷൻ വർക്കേഴ്സ് യൂണിയൻ (സി.ഐ.ടി.യു) സെക്രട്ടറി ശ്രദ്ധേയമായ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. അടഞ്ഞുകിടക്കുന്ന ട്രാവൻകൂർ പ്ലൈവുഡ് ഇൻഡ

സ്ട്രീസിന്റെ കെട്ടിടവും സ്ഥലവും ഉപയോഗപ്പെടുത്തി പൊതുമേഖലയിൽ ഒരു ടയർ നിർമ്മാണ ഫാക്ടറി തുടങ്ങാവുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ ഭൂരിഭാഗവും ഉപയോഗിക്കുന്നത് പ്രധാനപ്പെട്ട ഒന്നോ രണ്ടോ ടയർ കമ്പനികളാണ്. റബ്ബറിന് എത്ര തന്നെ വിലയിടിഞ്ഞാലും ടയറിന്റെ വില കുറയുന്നില്ല എന്നത് ഒരു വസ്തുതയാണ്. പൊതുമേഖലയിൽ ഒരു വൻകിട ടയർനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നത് കേരളത്തിലെ ആഭ്യന്തര റബ്ബറിന്റെ ഉപഭോഗം വർദ്ധിക്കുന്നതിനും ഒട്ടേറെ തൊഴിൽ സാദ്ധ്യത ഈ മേഖലയിൽ ഉണ്ടാകുന്നതിനും വഴിവയ്ക്കുന്നതാണ്.

ഇന്ത്യയിൽ റബ്ബർ, ലാറ്റക്സ്, ഡ്രൈ റബ്ബർ എന്നിവ ഇറക്കുമതി ചെയ്യുന്നതിന് 20% മുതൽ 70% വരെ ഇറക്കുമതി തീരുവ ഈടാക്കുന്നുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതിയെ നിയന്ത്രിക്കുന്നതിനുള്ള നടപടി ഇതു മാത്രമേ നിലവിലുള്ളൂ. എന്നാൽ റബ്ബറിൽ നിന്നുള്ള ഉത്പന്നങ്ങൾ (Finished Goods) ഇറക്കുമതി ചെയ്യുന്നതിന് 10% -ൽ താഴെമാത്രം തീരുവ നൽകിയാൽ മതിയാകും. സ്വതന്ത്ര വ്യാപാരകരാറുകളായ ASEAN, ഇന്ത്യ-ശ്രീലങ്ക കരാർ, ഇന്ത്യ-സിംഗപ്പൂർ ട്രേഡ് എഗ്രിമെന്റ്, ഏഷ്യ-പസഫിക്ക് ട്രേഡ് എഗ്രിമെന്റ്, ഇന്ത്യ-മലേഷ്യ കരാർ എന്നിവയിൽ ഇന്ത്യകൂടി പങ്കാളിയായതിനാൽ റബ്ബറിൽനിന്നുള്ള ഉത്പന്നങ്ങളായ ടയർ, ട്യൂബ്, വില കുറഞ്ഞ ചൈനീസ് ടയറുകൾ എന്നിവ കുറഞ്ഞ ഇറക്കുമതി തീരുവ മാത്രം നൽകി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുന്നു. റബ്ബർ ഉത്പന്നങ്ങളുടെ തീരുവ കുറവായതിനാൽ വിദേശത്ത് നിന്ന് യഥേഷ്ടം റബ്ബർ ഉത്പന്നങ്ങൾ ഇന്ത്യയിലെത്തുകയും ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിന്റെ ഉപഭോഗത്തിനെ കാര്യമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ റബ്ബർ അധിഷ്ടിത ഉത്പന്ന

ങ്ങളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

ഇന്ത്യയിലെ ദേശീയപാതകളും മറ്റ് പ്രധാനപ്പെട്ട റോഡുകളുമെല്ലാം റബ്ബർ ബിറ്റുമിൻ (Natural Rubber Modified Bitumen) ഉപയോഗിച്ച് ടാറിംഗ് നടത്തിയാൽ റോഡുകൾ മികവുറ്റതാക്കാനും ഇന്ത്യയിലെ സ്വാഭാവിക റബ്ബറിന്റെ ഉപഭോഗം വർദ്ധിപ്പിക്കുവാനും സാധിക്കും. ഇന്ത്യയിലെ റബ്ബർ പ്ലാന്റേഷനുകളുടെ 71% സ്ഥിതി ചെയ്യുന്നത് കേരളത്തിലാണ്. റബ്ബറിന്റെയും റബ്ബറധിഷ്ടിത ഉത്പന്നങ്ങളുടെയും ഇറക്കുമതി കേരളീയ സമ്പദ്ഘടനയിൽ വളരെ വലിയ പ്രത്യാഘാതം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വിലത്തകർച്ച തടയുന്നതിന് സർക്കാർ അടിയന്തര നടപടികൾ കൈക്കൊള്ളാത്ത പക്ഷം കർഷകർ റബ്ബർ കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികളിലേക്ക് മാറുന്നതാണ്.

## (3) ഏലം:

കേരളത്തിലെ ഏല കൃഷിക്കാർ ഇപ്പോൾ ഏലത്തിന്റെ വിലയിടിവുമൂലം വലിയ പ്രതിസന്ധിയിലാണ്. ഒരു കിലോ ഏലം ഉത്പാദിപ്പിക്കുന്നതിന് 720/- രൂപ ചെലവ് വരുമ്പോൾ ലേലത്തിലൂടെ കിലോഗ്രാമിന് 640/- രൂപ മാത്രമാണ് കർഷകന് ലഭിക്കുന്നത്. ഏലത്തിനെ നാണ്യവിളകളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കാർഷിക വിളകൾക്ക് ലഭിക്കുന്ന സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും ഏല കർഷകർക്ക് ലഭിക്കാതെ പോകുന്നു. 2014 വരെ ഏലക്കൃഷിക്ക് വൈദ്യുതി കാർഷിക നിരക്കിലായിരുന്നു. എന്നാൽ പിന്നീട് ഇലക്ട്രിസിറ്റി ബോർഡ് വാണിജ്യാവശ്യങ്ങൾക്കുള്ള ഐ.ടി. താരിഫിലേക്ക് മാറ്റുകയുണ്ടായി. ഏലം കർഷകർക്കുള്ള വൈദ്യുതി താരിഫ് ഐ.ടി.-യിൽ നിന്ന് വീണ്ടും കാർഷിക താരിഫിലേക്ക്

മാറ്റേണ്ടതാണ്. ഏലം നോട്ടിഫൈഡ് ഗുഡ്സ്-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കൃഷിക്കാർക്ക് നേരിട്ട് ഏലക്ക വിൽക്കാൻ കഴിയുന്നില്ല. ലേലത്തിലൂടെ ഏലക്ക വിൽക്കുന്ന രീതി ഒഴിവാക്കേണ്ടതാണ്. അതുപോലെ തന്നെ താങ്ങുവില ഏറ്റവും കുറഞ്ഞത് കിലേയ്ക്ക് 900 രൂപ ആയി സർക്കാർ നിശ്ചയിക്കേണ്ടതാണ്.

ഇപ്പോൾ ഏലത്തോട്ടങ്ങളെ പരിസ്ഥിതി ലോല പ്രദേശങ്ങളായി കണക്കാക്കിയിരിക്കുകയാണ്. തോട്ടങ്ങൾ ഏലം കൃഷി ചെയ്യുന്നതുകൊണ്ട് പരിസ്ഥിതിക്ക് കോട്ടം ഒന്നും സംഭവിക്കുന്നില്ല. ആയതിനാൽ ഏല തോട്ടങ്ങളെ പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. ഏലം കൃഷി ചെയ്യുന്ന എസ്റ്റേറ്റുകളിൽ മറ്റ് വിളകൾ കൃഷിചെയ്യുന്നതിന് സാധാരണഗതിയിൽ അനുവദിക്കുന്നില്ല. മറ്റ് മരങ്ങളുടെ തണലിൽ വളർത്തുന്ന വിളയാണ് ഏലം. കാലാവസ്ഥാ വ്യതിയാനം മൂലം ഏലക്കൃഷിയും ഭീഷണി നേരിടുകയാണ്. എന്നാൽ ഏലത്തോട്ടങ്ങളിൽ കുരുമുളക് പോലെയുള്ള മറ്റ് ഇടവിള കൃഷി ചെയ്യുന്നത് അനുവദിക്കാവുന്നതാണ്. പ്രത്യേക വിള ഇൻഷുറൻസിന്റെ പട്ടികയിൽ തേയില, കോഫി, റബ്ബർ എന്നിവയെ ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ ഈ പാക്കേജിൽ നന്നും ഏലത്തിനെ ഒഴിവാക്കിയിരുന്നു. ഡോ: എം.എസ്. സ്വാമിനാഥൻ തന്റെ റിപ്പോർട്ടിൽ ഏലത്തിന്റെ വിലസ്ഥിരതയുടെ ആവശ്യകതയെക്കുറിച്ച് ശുപാർശ ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ശുപാർശ കേന്ദ്രസർക്കാർ അംഗീകരിക്കുകയും വിലസ്ഥിരതാ ഫണ്ടിലേക്ക് 250 കോടി രൂപ അനുവദിക്കുകയും ചെയ്തു. നിർഭാഗ്യവശാൽ, ഏലം കർഷകർക്ക് ഇതിന്റെ ഒരു ആനുകൂല്യവും ലഭിക്കാതെ ആ ഫണ്ട് ലാപ്സായി പോകുകയാണുണ്ടായത്.

പീരുമേട് വച്ച് നടന്ന തെളിവെടുപ്പ് വേളയിൽ ഏലം മേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് കമ്മീഷൻ ആരായുകയും ബന്ധപ്പെട്ടവരിൽ നിന്ന് തെളിവെടുക്കു

കയും ചെയ്തു. തദവസരത്തിൽ നെടുങ്കണ്ടം സ്പൈസസ് പ്ലാന്റേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി താഴെപ്പറയും പ്രകാരം മൊഴി നൽകുകയുണ്ടായി.

"പരിസ്ഥിതി സംരക്ഷിച്ചുവരുന്നതും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ ഗണ്യമായ പങ്ക് വഹിക്കുന്നതും ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ന്യായമായ ജോലിയും കൂലിയും നൽകിവരുന്നതും ഒരു ലക്ഷത്തോളം കർഷകകുടുംബങ്ങളുടെ ജീവിത ഉപാധിയുമായ ഏലം കൃഷി ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. പട്ടയത്തിലെ നിബന്ധന കാരണം ഈ ഭൂമിയിൽ ഏലം കൃഷി ചെയ്യാതെ മറ്റ് കൃഷി ചെയ്യാൻ സാധിക്കാത്തതിനാൽ ഏലം കർഷകരെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഇന്ത്യയിൽ പാർലമെന്റ് പാസ്സാക്കിയിട്ടുള്ള സ്പൈസസ് ബോർഡിന്റെ അടിസ്ഥാന തത്വം ഏലം കർഷകർക്ക് ന്യായമായ വരുമാനം ഉറപ്പുവരുത്തണമെന്നതാണ്. എന്നാൽ നിലവിൽ ഒരു കിലോ ഏലക്കായുടെ ഉത്പാദന ചെലവ്, 800 രൂപയും ശരാശരി വില്പനവില 600 രൂപയും ആണ്. സംസ്ഥാന സർക്കാരിന്റെയും കേന്ദ്രസർക്കാരിന്റെയും അടിയന്തര സഹായം ലഭിക്കാത്തപക്ഷം ആയിരക്കണക്കിന് ഏലം കർഷകർ ആത്മഹത്യാവക്കിലാണ്.

പ്രധാന പ്രതിസന്ധികൾ ഇവയാണ്:-

1) സർക്കാരിൽ നിന്നുള്ള സഹായങ്ങൾ വർഷം തോറും കുറഞ്ഞുവരുകയാണ്. ഏലം കൃഷി നാണ്യ വിളയാണെന്ന് ചൂണ്ടിക്കാട്ടി സംസ്ഥാന കൃഷിവകുപ്പ് ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. സ്പൈസസ് ബോർഡിന് ഈ വർഷം അനുവദിച്ച ഫണ്ട് അവരുടെ നിത്യ ചെലവിനുമാത്രമേ തികയുകയുള്ളു. യഥാർത്ഥത്തിൽ ഒരു ഹോർട്ടികൾച്ചർ ക്രോപ്പാണ്. അതുകൊണ്ടുതന്നെ കൃഷി വകുപ്പിൽ നിന്നുള്ള എല്ലാ

ആനുകൂല്യത്തിനും ഏലം കർഷകർ അർഹരാണ്. സംസ്ഥാന സർക്കാർ ആവശ്യ മായ നടപടി സ്വീകരിക്കണം.

2) കാർഷിക വിളയ്ക്ക് ഉണ്ടായിരുന്ന വിള ഇൻഷുറൻസ്, തേയില, കാപ്പി, റബ്ബർ, പുകയില എന്നീ നാണ്യവിളകൾക്കുകൂടി ഏർപ്പെടുത്തിയെങ്കിലും ഏലത്തിനെ വിള ഇൻഷുറൻസ് പരിധിയിൽ നിന്നൊഴിവാക്കിയത് പുനഃപരിശോധിക്കണം.

3) കഴിഞ്ഞ 4 വർഷമായി തുടർച്ചയായി നഷ്ടം നേരിടുന്നതുമൂലം ഏലം കർഷക രുടെ ബാങ്ക് വായ്പ്പകൾ ഭൂരിഭാഗവും കുടിശ്ശികയായിരിക്കുകയാണ്. ഇതു പരിഹരി ക്കുവാൻ വായ്പ്പകൾക്ക് 2 വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുകയും പലിശ പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്.

4) ഏലം കൃഷി പരിസ്ഥിതി സംരക്ഷിക്കുന്നതാണ്. തോട്ടങ്ങൾ പരിസ്ഥിതി ലോലമേ ഖലയിൽ വരില്ല എന്ന് കസ്തൂരിരംഗൻ കമ്മിറ്റിയും കേന്ദ്ര സംസ്ഥാന സർക്കാരു കൾക്ക് ഉറപ്പ് നൽകിയിട്ടുണ്ടെങ്കിലും ഇടുക്കി ജില്ലയിലെ മുഴുവൻ ഏലത്തോട്ടങ്ങളും പരിസ്ഥിതി ലോല മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഈ അപാകത ഉട നടി പരിഹരിക്കണം.

5) 2016-ലെ ബഡ്ജറ്റ് സ്പീച്ച് അനുസരിച്ച് ഏലത്തിന്റെ വിൽപ്പന നികുതി പൂർണ്ണമായി ഒഴിവാക്കുകയും ഇതിലൂടെ 40 കോടി രൂപയുടെ ആനുകൂല്യം ഏലം കർഷകർക്ക് നൽകിയതായും നിയമസഭയിൽ പ്രഖ്യാപ്പിച്ചിട്ടുള്ളതാണ്. എന്നാൽ 01.04.2016-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള ഫൈനാൻസ് ബില്ലിൽ ലേലകേന്ദ്രത്തിൽ നിന്നും കേരളത്തിലെ വ്യാപാരികൾ വാങ്ങുന്ന ഏലക്കയുടെ നികുതി മാത്രമാണ് ഒഴിവാക്കിയത്. ഈ തെറ്റ് തിരുത്തി ഏലക്കായുടെ മുഴുവൻ നികുതിയും ഒഴിവാക്കേ ണ്ടതാണ്.

5) 2016-ലെ ബഡ്ജറ്റ് സ്പീച്ച് പ്രകാരം ഏലം മേഖലയിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് കാർഷിക നിരക്ക് പുനസ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും വാണിജ്യനിരക്കാണ് ഇപ്പോഴും ഈടാക്കുന്നത്. ഇതു പരിഹരിക്കണം.

6) നിയമപരമായി നൽകേണ്ട മിനിമം വേജസ് ഏലം കർഷകർ തൊഴിലാളികൾക്ക് നൽകുന്നുണ്ടെങ്കിലും തൊഴിലാളികൾ നിയമപരമായി ചെയ്യേണ്ട 8 മണിക്കൂർ ജോലി ചെയ്യുവാൻ വിസമ്മതിക്കുകയാണ്. 8 മണിക്കൂർ ജോലി കൃത്യമായി ചെയ്യാനും ന്യായമായ ലേബർ ഔട്ട്പുട്ട് ലഭിക്കുവാനും വേണ്ട നടപടി സ്വീകരിക്കണം.''

## (4) <u>കാപ്പി</u>

ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന കാപ്പിയുടെ 23%=വും കേരളത്തിലെ കാപ്പിത്തോട്ടങ്ങളുടെ സംഭാവനയാണ്. കാപ്പി ഉത്പാദനത്തിൽ ഇന്ത്യയിൽ കേരളത്തിന് രണ്ടാം സ്ഥാനമാണുള്ളത്. കേരളത്തിൽ കാപ്പി കൂടുതലായി കൃഷി ചെയ്തുവരുന്നത് വയനാട് ജില്ലയിലാണ്.

കൽപ്പറ്റ പ്ലാന്റേഷൻ ഇൻസ്പെക്ടറുടെ പരിധിയിൽ 92 പ്ലാന്റേഷനുകൾ പ്രവർത്തിക്കുന്നു. പ്രസ്തുത തോട്ടങ്ങളിൽ 587 പുരുഷ തൊഴിലാളികളും 526 സ്ത്രീ തൊഴിലാളികളും ജോലി ചെയ്യുന്നുണ്ട്. റോബസ്റ്റ കാപ്പിയാണ് വയനാട് ജില്ലയിൽ കൂടുതലായി കൃഷി ചെയ്യുന്നത്. ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മഴ ലഭിക്കുമ്പോഴാണ് കാപ്പി പൂക്കുന്നത്. മുൻകാലങ്ങളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പതിവായി മഴ ലഭിച്ചുവന്നിരുന്നു. ഇപ്പോൾ പ്രസ്തുത മാസങ്ങളിൽ എല്ലാ വർഷവും മഴ ലഭിക്കാറില്ല. ഇതുകാരണം തോട്ട ഉടമകൾക്ക് ലാഭകരമായ വിധത്തിൽ വിളവ് ലഭിക്കുന്നില്ല. ഏക്കറിന് 15 മുതൽ 38 വരെ ചാക്ക് ഉണ്ടക്കാപ്പി ലഭിച്ചാൽ മാത്രമെ

തോട്ടങ്ങൾ ലാഭകരമാകൂ. കാലാവസ്ഥാ വ്യതിയാനം മൂലം ചില വർഷങ്ങളിൽ 10-12 ചാക്ക് ഉണ്ടക്കാപ്പി മാത്രമെ ലഭിക്കാറുള്ളൂ. കൂടാതെ, വയനാട് ജില്ലയിലെ കാപ്പി ത്തോട്ടങ്ങളിൽ ഇപ്പോൾ നേരിടുന്ന വരൾച്ച കാരണം തോട്ടങ്ങൾ പലപ്പോഴും നന യ്ക്കുന്നതിന് കഴിയാറില്ല.

വയനാട് ജില്ലയിൽ പ്ലാന്റേഷനുകളായി നിർണ്ണയിച്ചിട്ടുള്ള കാപ്പിത്തോട്ടങ്ങ ളുടെ ഒപ്പം 5 ഹെക്ടറിൽ താഴെയുള്ള ചെറുകിട തോട്ടങ്ങളും അനവധിയുണ്ട്. മൊത്തം കാപ്പി തോട്ടങ്ങളിൽ ഭൂരിഭാഗവും ചെറുകിട തോട്ടങ്ങളാണ്. കാപ്പി പ്ലാന്റേ ഷനുകളിനിന്നും വ്യത്യസ്തമായി ചെറുകിട കാപ്പി തോട്ടങ്ങളിൽ കാപ്പി കൃഷി ചെയ്യുന്നതിനോടൊപ്പം കുരുമുളക് വാഴ തുടങ്ങിയ വിളകൾകൂടി കൃഷി ചെയ്തുവ രുന്ന സമ്മിശ്ര കൃഷി രീതിയാണ് കർഷകർ സ്വീകരിക്കുന്നത്. കാപ്പിക്ക് മിക്ക വർഷ ങ്ങളിലും വില തകർച്ചയുണ്ടാകുന്നു. ഇടവിളകളായ കുരുമുളക്, വാഴ തുടങ്ങിയവ കൃഷി ചെയ്യുന്നതിലുടെ മിക്കപ്പോഴും മെച്ചപ്പെട്ട വില ലഭിക്കുന്നതിനും നഷ്ടത്തിലാ കാതെ കൃഷി നടത്തുന്നതിനും ചെറുകിട തോട്ടമുടമകൾക്ക് കഴിയുന്നു. കുടാതെ കാപ്പിയുടെ ഉത്പാദനക്ഷമത വർദ്ധിക്കുന്നതിന് ഇടവിളകളുടെ തണൽ പ്രയോജനപ്ര ദവുമാണ്.

ചെറുകിട തോട്ടം മേഖലയിൽ തോട്ടമുടമകൾ തന്നെ കൃഷിയിൽ ഏർപ്പെട്ടിരി ക്കുന്നതിനാൽ തോട്ടം മേഖലയിലെ പ്രതിസന്ധി ചെറുകിട തോട്ടങ്ങളുടെ പ്രവർത്തനത്തെ വലിയ തോതിൽ ബാധിക്കുന്നില്ല. കാപ്പി പ്ലാന്റേഷനുകളിൽ ഏക വിള കൃഷി ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. കാലാവസ്ഥയിലെ സ്ഥിരതയി ല്ലായ്മ കാപ്പിക്ക് ഭീഷണിയാണ്. അമിതമായ മഴ, വേനലിന്റെ ദൈർഘ്യം, മഞ്ഞ് വീഴ്ച ഇവയെല്ലാം കാപ്പിയുടെ ഉത്പാദനക്ഷമത കുറയ്ക്കുന്നതാണ്. കാലാവസ്ഥ

യിലെ ഈ അസന്തുലിതാവസ്ഥ, കീടങ്ങളുടെ ശല്യം, ബാക്ടീരിയ മൂലമുള്ള രോഗ ങ്ങൾ എന്നിവ ഈ വിളയെ ദോഷകരമായി ബാധിക്കുന്നതിനും കാരണമാകുന്നു.

കാപ്പി വിളവെടുപ്പു സമയത്ത് വേണ്ടത്ര ജോലിക്കാരെ ലഭിക്കാത്തത് തോട്ട ഉട കൾ നേരിടുന്ന ഒരു പ്രശ്നമാണ്. സ്ഥിരം തൊഴിലാളികളെക്കൊണ്ട് കിളയ്ക്കൽ, കവാത്ത്, തുടങ്ങിയ പതിവ് ജോലികൾ ചെയ്യിക്കാറാണ് പതിവ്. എന്നാൽ കാപ്പി വിളവെടുപ്പിന് പാകമാകുമ്പോൾ ജോലികൾ ചെയ്തുതീർക്കാൻ കൂടുതൽ ജോലി ക്കാരെ ആവശ്യമായിവരും. തൊഴിലുറപ്പ് പദ്ധതിക്ക് കൂടുതൽ തൊഴിലാളികൾ പാകുന്നതിനാൽ വേണ്ടത്ര കാഷ്വൽ തൊഴിലാളികളെ ലഭിക്കുന്നില്ല. വന്യമൃഗങ്ങ ളുടെ ആക്രമണത്തെ ചെറുക്കുന്നതിന് വനം വകുപ്പിന്റെ സഹായം തോട്ട ഉടമ കൾക്ക് ലഭ്യമാക്കേണ്ടതാണ്.

തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി 440 രൂപ മൊത്തം ചലവ് വരുന്നുണ്ട് എന്ന് പീവീസ് എസ്റ്റേറ്റ് മാനേജ്മെന്റ് ബോധിപ്പിച്ചിട്ടുണ്ട്. വയ ാട് മേഖലയിലുള്ള കാപ്പിത്തോട്ടങ്ങളിലെ കാപ്പിച്ചെടികളെല്ലാം 60-65 വർഷം പഴക്ക ുള്ളവയാണ്. 30 വർഷം കഴിഞ്ഞാൽ കാപ്പിയിൽ നിന്നുള്ള ആദായത്തിൽ കുറവ് ംഭവിക്കുന്നതാണ്. നിലവിലുള്ള പ്രതിസന്ധിയിൽ റീപ്ലാന്റ് ചെയ്യുന്നതിനുള്ള തുക ചലവു ചെയ്യുന്നതിന് മാനേജ്മെന്റുകൾക്ക് കഴിയുന്നില്ല.

പഴക്കമുള്ള കാപ്പിച്ചെടികൾ മാറ്റി പുതിയ തരം കാപ്പിച്ചെടികൾ കൃഷി ചെയ്യുന്നതിന് റീപ്ലാന്റേഷൻ സബ്സിഡി തോട്ടമുടമകൾക്ക് അനുവദിക്കേണ്ടതാണ്. നഭൂമിയുടെ ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്നതിനാൽ തോട്ടങ്ങളിൽ വന്യമൃഗ ങ്ങൾ പ്ലാന്റേഷൻ വിളകൾ നശിപ്പിക്കുന്നതായി എസ്റ്റേറ്റ് ഉടമകൾ പറയുന്നു. ാളാർ ഫെൻസിംഗ് പോലെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് ഇതിനെ തടയാവുന്നതാ

ണ്. ഇതിനുവേണ്ടുന്ന സാമ്പത്തിക സഹായം സർക്കാർ നൽകുകയും അനർട്ട് പോലെയുള്ള ഏജൻസികളുടെ സാങ്കേതിക സഹായങ്ങളും ലഭ്യമാക്കേണ്ടതുമാണ്. തോട്ടങ്ങൾ നനയ്ക്കുന്നതിന് ജലസേചന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കൂടാതെ വിലനിലവാര സ്ഥിരത ലഭിക്കുവാൻ കാപ്പി സംഭരിക്കുന്നത് ഈ വ്യവസായ ത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്.

കാപ്പിത്തോട്ടങ്ങൾ നിലവിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധിക്കുള്ള പരി ഹാരം സംബന്ധിച്ച് കേരളാ പ്ളാന്റേഷൻ ലേബർ ഫെഡറേഷ (CITU) ന്റെ ജനറൽ സെക്രട്ടറിയുടെ താഴെ പറയുന്ന അഭിപ്രായം ശ്രദ്ധേയമാണ്.

*"തോട്ടങ്ങൾ സ്ഥാപിച്ച 1885-1990 വർഷങ്ങളിൽ തൊഴിലാളികളെ പുറത്തു നിന്നു കൊണ്ടുവന്നു താമസിപ്പിച്ച് ജോലി ചെയ്യിക്കുന്നതിനായി താമസിക്കാൻ ലയം, രോഗചികിത്സയ്ക്ക് ആശുപത്രി, മക്കളെ പഠിപ്പിക്കാൻ സ്കൂൾ, കൊച്ചു കുട്ടി കൾക്കായി ക്രഷ്, കുടിവെള്ളം, ശൗചാലയം എല്ലാം തന്നെ ഉടമകൾ നിർമ്മിച്ച് നൽകിയിരുന്നു. പിന്നീട് ഇതെല്ലാം പ്ലാന്റേഷൻ ലേബർ ആക്ട് വഴി നിയമപരമായി സംരക്ഷണമുള്ള കാര്യമായി മാറി. അക്കാലത്ത് ശമ്പളത്തിനു പുറമേ ലഭിക്കുന്ന ഈ ജീവിത സൗകര്യങ്ങൾ തോട്ടത്തിലെ ജോലി വളരെ ആകർഷകമാക്കി. എന്നാൽ ഇപ്പോൾ പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ തോട്ട ഉടമകൾ പാലിക്കുന്നി ല്ല. അതുകൊണ്ട് ഏറ്റവും മോശപ്പെട്ട ജീവിതസാഹചര്യത്തിലാണ് തൊഴിലാളികൾ ജീവിക്കുന്നത്. ഒരു തോട്ടം തൊഴിലാളി കുടുംബത്തിൽ ജനിച്ച ഒരു കുട്ടിയും ഭാവി യിൽ തോട്ടം തൊഴിലാളിയായി ജീവിക്കാൻ ആഗ്രഹിക്കുന്നില്ല."*

# അദ്ധ്യായം - 5

തൊഴിലാളികളുടെ കൊഴി ഞ്ഞുപോക്ക്, കാലാവസ്ഥാ വ്യതിയാനം എന്നിവ തോട്ടം മേഖലയിലെ മറ്റ് രണ്ട് പ്രതിസന്ധികളാണ്

## (1) തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക്:

ആകർഷകമല്ലാത്ത ഒരു തൊഴിൽ സാഹചര്യം ഇന്ന് പ്ലാന്റേഷൻ മേഖലയിൽ നിലനിൽക്കുന്നതിനാൽ ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കുന്നില്ല. ആവശ്യ ത്തിന് തൊഴിലാളികളെ കിട്ടാത്തതിനാൽ പല എസ്റ്റേറ്റുകളിലും അന്യ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ (Inter State Migrant Workers) കൊണ്ട് ജോലി ചെയ്യിക്കുന്നതായി കാണുന്നു. പൊൻമുടി ടീ എസ്റ്റേറ്റിൽ ആസ്സാമിൽ നിന്നുള്ള തൊഴിലാളികളും മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റിൽ മദ്ധ്യപ്രദേശിൽ നിന്നുള്ള തൊഴിലാളി കളും ജോലി ചെയ്യുന്നതായി കാണുന്നു.

പുരുഷൻമാരായ തൊഴിലാളികൾ തോട്ടത്തിൽ ജോലിക്ക് പോകാതെ പട്ടണങ്ങ ളിൽ പോയി മെച്ചപ്പെട്ട വേതനം ലഭിക്കുന്ന മറ്റു തൊഴിലുകളിൽ ഏർപ്പെടുന്ന സാഹ ചര്യം നിലവിലുണ്ട്. തോട്ടം തൊഴിലാളി കുടുംബത്തിൽ ജനിച്ച ഒരു കുട്ടിയും ഭാവി യിൽ തോട്ടം തൊഴിലാളിയായി ജീവിക്കാനാഗ്രഹിക്കുന്നില്ല. അവർ പട്ടണങ്ങളിൽ പോയി പഠിച്ച് മറ്റ് ജോലികളിൽ ഏർപ്പെടുന്നു. ലയത്തിൽ താമസിക്കുന്നതിനുമാത്രം സ്ത്രീകൾ തോട്ടത്തിൽ ജോലി ചെയ്യുന്നു. ഈ നിലയ്ക്ക് പോയാൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ തോട്ടങ്ങളിലെ ജോലിക്ക് ആളുകളെ കിട്ടാത്ത സാഹചര്യമുണ്ടാ കും. മിക്ക തോട്ടങ്ങളിലേയും ലയങ്ങളുടെ സ്ഥിതി വളരെ ശോചനീയമാണ്. എസ്റ്റേ റ്റിലെ ലയങ്ങളുടെ ശോച്യാവസ്ഥ സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കളും,

'പെമ്പിളൈ ഒരുമൈ'-യുടെ പ്രവർത്തകരും നിരവധി പരാതികൾ ഉന്നയിച്ചിരുന്നു. ഹാരിസൺസ് മലയാളം പ്ലാന്റേഷൻസ്, കഴുതുരുട്ടി, അമ്പനാട് ട്രാവൻകൂർ റബ്ബർ ആന്റ് ടീ, പൊൻമുടി ടീ എസ്റ്റേറ്റ്, മെർക്കിസ്റ്റൺ ടീ എസ്റ്റേറ്റ് എന്നീ കമ്പനികളുടെ എസ്റ്റേറ്റുകൾ കമ്മീഷൻ സന്ദർശിച്ച് ലയങ്ങളുടെ അവസ്ഥ നേരിട്ട് ബോധ്യപ്പെട്ടതാണ്.

ഹൈറേഞ്ച് പ്ലാന്റേഷൻ എംപ്ലോയീസ് യൂണിയൻ (INTUC(I) പ്രസിഡന്റ് താഴെ പറയും പ്രകാരം മൊഴി നൽകി:

*"പീരുമേട് മേഖലയിലെ തോട്ടം തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ലയങ്ങളുടെ ശോചനീയാവസ്ഥയാണ്. 100 വർഷത്തോളം പഴക്കം ഉള്ളവയാണ്. നന്നാക്കി എടുത്താലും സൗകര്യങ്ങൾ ലഭിക്കാത്തവയാണ്. ആധുനിക രീതിയിലുള്ള പാർപ്പിടങ്ങൾ നിർമ്മിച്ച് 'ലയങ്ങൾ' എന്ന ചിന്താരീതി തന്നെ മാറ്റേണ്ടതാണ്. ഗവൺമെന്റ് ഭവനനിർമ്മാണത്തിന് പ്രഖ്യാപിച്ച പദ്ധതി മാനേജ്മെന്റുകൾ സ്ഥലം അനുവദിക്കാത്തതിനാൽ നടപ്പാക്കാൻ കഴിയുന്നില്ല.*

*ഭൂരഹിതരായാണ് പല തോട്ടം തൊഴിലാളികളും സർവ്വീസിൽ നിന്നും പിരിയുന്നത്. പിന്നീട് തോട്ടത്തിൽ താമസിക്കുന്നതിന് കഴിയുന്നതല്ല. ഇതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് തോട്ടങ്ങളിലുള്ള മിച്ചഭൂമി ഏറ്റെടുത്ത് വീട് നിർമ്മിച്ച് പുനരധിവസിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ചികിത്സാ സൗകര്യങ്ങൾ അപര്യാപ്തമാണ്. തോട്ടം തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി തൊഴിലാളി പിരിഞ്ഞ് മരണപ്പെട്ടാലും ലഭിക്കുന്നില്ല. ഗ്രാറ്റുവിറ്റി കേസ്സുകൾ ഒരുമിച്ചെടുത്ത് ഫാസ്റ്റ് ട്രാക്കായി തീർപ്പാക്കണം."*

1200-ഓളം തൊഴിലാളികൾ ജോലി ചെയ്തിരുന്ന അമ്പനാട് എസ്റ്റേറ്റിൽ 450 തൊഴിലാളികൾ മാത്രമാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. ഇവിടത്തെ ലയങ്ങൾ 1929 -ൽ നിർമ്മിച്ചതാണ്. 200 മുതൽ 300 വരെ ചതുരശ്ര അടി മാത്രം വിസ്തീർണ്ണമുള്ള താണ് ലയങ്ങൾ. ഒരു ലയത്തിന് ഒരു കിടപ്പുമുറിയും അടുക്കളയും സിറ്റൗട്ടും ടോയിലറ്റുമാണ് നിലവിലുള്ളത്. 5-ഓ അധികം അംഗസംഖ്യയുള്ള ഒരു കുടുംബ ത്തിന് കിടപ്പു മുറി ഒന്നു മാത്രമാണ് ഉള്ളത്.

ജസ്റ്റീസ് എം.പി. മേനോൻ കമ്മീഷൻ 1994-ൽ സമർപ്പിച്ച റിപ്പോർട്ടിലെ തോട്ടം തൊഴിലാളികളുടെ പാർപ്പിടപ്രശ്നം സംബന്ധിച്ച പരാമർശം ശ്രദ്ധേയമാണ്.

*"It is a matter of disgrace for any Government worth the name, charged with the implementation of the P.L. Act and the Rules, that even after more than three decades of attempts to enforce their provisions, the housing problem is still eluding solution."*

നൂറ്റാണ്ടുകൾക്കുമുമ്പ് തമിഴ്നാട്ടിൽ നിന്നും തോട്ടം ജോലിക്കായി എത്തിവ രുടെ പിൻഗാമികളാണ് ഇപ്പോൾ ലയങ്ങളിൽ താമസിച്ചുവരുന്നത്. അവരിൽ ഭൂരിഭാ ഗവും തോട്ടങ്ങളിലെ ലയങ്ങളിൽ ജനിച്ചു വളർന്നവരാണ്. സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തവരാണ് മിക്ക ആളുകളും. ജോലിയിൽ നിന്നും വിരമിച്ചശേ ഷവും സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്തതിനാൽ തോട്ടത്തിൽതന്നെ താമസിച്ച് ജോലി ചെയ്യുന്നവരുമുണ്ട്.

500-ഉം 600-ഉം ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾ തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ സഹായത്തോടെ വീടില്ലാത്തവർക്കായി നിർമ്മിച്ചുനൽകുന്നു

ണ്ട്. എന്നാൽ 200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പൊട്ടിപ്പൊളിഞ്ഞ ലയ
ങ്ങളിലാണ് ദശാബ്ദങ്ങളായി തോട്ടം തൊഴിലാളികൾ താമസിച്ചുവരുന്നത്. മനുഷ്യ
രുടെ പാർപ്പിട സൗകര്യങ്ങളുടെ ദുരവസ്ഥ അനുഭവിക്കുന്നതിൽ തോട്ടം തൊഴിലാളി
കൾക്ക് സമാനതകളില്ല. നിലവിലെ ലയങ്ങൾ പൊളിച്ചുമാറ്റി പുതിയവ നിർമ്മിച്ചു
നൽകുന്നതിന് ഇപ്പോഴത്തെ പ്രതിസന്ധിയിൽ ഉടമകൾക്ക് കഴിയുന്നതല്ല. നാട്ടിപുറ
ങ്ങളിൽ തോട്ടം തൊഴിലാളികളേക്കാളും സൗകര്യമുള്ളവർ ദാരിദ്ര്യരേഖയ്ക്ക് താഴെ
യാണ്. തോട്ടം തൊഴിലാളികളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കാ
ത്തതുകൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കു മാത്രം ലഭിക്കുന്ന ആനുകൂല്യ
ങ്ങൾ ഇവർക്ക് ലഭിക്കുന്നില്ല. ഇന്നത്തെ അവസ്ഥയിൽ തോട്ടം തൊഴിലാളികൾക്ക്
റേഷൻ സാധനങ്ങൾ സൗജന്യനിരക്കിൽ നൽകേണ്ടതാണ്.

തോട്ടം തൊഴിലാളികൾക്ക് അസുഖം വന്നാൽ ചികിൽസിക്കുവാൻ നല്ല ആശു
പത്രികളില്ല. ഗാർഡൻ ആന്റ് ഗ്രൂപ്പ് ഹോസ്പിറ്റലുകളാണ് നിലവിലുള്ളത്.
മാരകരോഗങ്ങൾ കണ്ടുപിടിക്കുന്നതിനും ചികിൽസിക്കുന്നതിനുമുള്ള സൗകര്യങ്ങൾ
ഇപ്പോഴില്ല. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം വഴി ചികിൽസ നൽകു
ന്നതിനെ സംബന്ധിച്ച് ജസ്റ്റീസ് എം.പി. മേനോൻ കമ്മീഷൻ തൊഴിലുടമാ പ്രതിനിധി
കളുടെയും ട്രേഡ് യൂണിയൻ നേതാക്കളുടെയും അഭിപ്രായം ആരാഞ്ഞിരുന്നു.
എന്നാൽ, തൊഴിലാളികളും തൊഴിലുടമകളും പ്ലാന്റേഷൻ മേഖലയിൽ ഇ.എസ്.ഐ.
സ്കീം നടപ്പിലാക്കുന്നതിന് അന്ന് അനുകൂലമല്ലായിരുന്നു. തൊഴിലാളികളും തൊഴി
ലുടമകളും ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നതിന് ഒരു പോലെ എതിർപ്പ് പ്രകടി
പ്പിച്ചിരുന്നതിനാൽ കമ്മീഷൻ അതിനെ സംബന്ധിച്ച് യാതൊരു ശുപാർശയും
നടത്തില്ല. ഈ കമ്മീഷൻ മൂന്നാറിൽ വച്ച് നടത്തിയ തെളിവെടുപ്പ് വേളയിൽ എ.
ഐ.എ.റ്റി.യു.സി പ്രതിനിധി ഒഴികെ മറ്റുള്ള എല്ലാ ട്രേഡ് യൂണിയൻ പ്രതിനിധികളും ഇ.

എസ്.ഐ. സ്കീം തോട്ടം മേഖലയിൽ നടപ്പിലാക്കുന്നതിന് താല്പര്യം പ്രകടിപ്പിച്ചു. തൊഴിലാളികളുടെ ചികിൽസാ സൗകര്യങ്ങൾ എസ്റ്റേറ്റ് ആശുപത്രികളിൽ പരിമിതമായതുകൊണ്ടും ഇപ്പോൾ ഇ.എസ്.ഐ. ആശുപത്രികളിൽ ആധുനിക ചികിൽസാ സൗകര്യങ്ങൾ ലഭ്യമായതുകൊണ്ടും തോട്ടം തൊഴിൽ മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കേണ്ടതാണ്. ഇ.എസ്.ഐ. സ്കീം അനുസരിച്ച് തൊഴിലാളികൾക്ക് നാമമാത്രമായ തുകയാണ് വിഹിതമായി അടയ്ക്കേണ്ടിവരുന്നത്.

ഇ.എസ്.ഐ. സ്കീം തോട്ടങ്ങളിൽ നടപ്പിലാക്കുന്നതിന് പ്ലാന്റേഷൻ ലേബർ ആക്ടും റൂൾസും ഭേദഗതി ചെയ്യേണ്ടതാണ്. അതുപോലെ ഇ.എസ്.ഐ. ആക്ടിന്റെ ഷെഡ്യൂളിൽ പ്ലോന്റേഷൻ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തണം.

തോട്ടം മേഖലയിലെ തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് അവരുടെ വേതനഘടനയിൽ പരിഷ്കരണങ്ങൾ ആവശ്യമാണ്. കേരളത്തിലെ തോട്ടം തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നത് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ്. മറ്റ് തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ വേതനം താരതമ്യപ്പെടുത്തുമ്പോൾ, തോട്ടം തൊഴിലാളികളുടെ വേതനം വളരെ കുറവാണ്. ഇതു സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ ഇങ്ങനെ അഭിപ്രായപ്പെടുന്നു:

*"സ.ഉ.(അച്ചടി) നമ്പർ 76/2016/തൊഴിൽ തീയതി 17.5.16 വിജ്ഞാപന പ്രകാരം തേയില മേഖലയിലെ കൂലി അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും അടക്കം 301/-രൂപയാണ്. റബ്ബർ മേഖലയിൽ കൂലി മേൽപ്രകാരം പറഞ്ഞ വിധം തന്നെ 381/-രൂപയാണ്. മറ്റ് ഏത് തൊഴിൽ മേഖലയിലും തൊഴിലാളിയ്ക്ക് പ്രതിദിനം 500/- രൂപ കൂലി കിട്ടുമെന്നിരിക്കെയാണ് തോട്ടം തൊഴിലാളിയ്ക്ക് ഈ അവസ്ഥ സംജാതമായിരിക്കുന്നത്. ഇത്തരത്തിൽ മിനിമം കൂലി ലഭിക്കണം എന്നതിന്റെ*

*അടിസ്ഥാനത്തിലാണ് മൂന്നാർ കണ്ണൻ ദേവൻ കമ്പനിയിലെ തോട്ടം തൊഴിലാളികൾ പ്രക്ഷോഭം ആരംഭിച്ചത്. മുഖ്യമന്ത്രി കൂടി ഇടപെട്ട് ശ്രമകരമായ ദൗത്യത്തിന്റെ ഒടുവിലാണ് 13.9.15-ൽ സമരം ഒത്തു തീർപ്പാക്കിയത്".*

തൊഴിലാളികളുടെ വേതനത്തിനുപുറമേ താമസസൗകര്യം, ചികിത്സാസൗകര്യം, കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യം തുടങ്ങിയ ആനുകൂല്യങ്ങൾക്കായി മാനേജ്മെന്റ് തുക ചെലവുചെയ്യുന്നതിനാൽ നിലവിലെ വേതനം പുനർ നിർണ്ണയിക്കേണ്ടതില്ല എന്ന് തൊഴിലുടമകൾ വാദിക്കുന്നുണ്ട്. എന്നാൽ ടി സൗകര്യങ്ങളൊന്നും തന്നെ വേണ്ട വിധത്തിൽ തൊഴിലാളികൾക്ക് നൽകുന്നില്ല.

ഇപ്പോൾ തേയില തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 301 രൂപയാണ് കൂലി നിശ്ചയിച്ചിട്ടുള്ളത്. അടിസ്ഥാന ശംബളവും വിലനിലവാര സൂചിക അനുസരിച്ചുള്ള ക്ഷാമബത്തയും കൂടി ചേരുന്ന തുകയാണിത്. തേയിലതോട്ടം തൊഴിലാളികൾക്ക് മുമ്പ് നിലനിന്നിരുന്ന 'ടാസ്ക്' 21 കി.ഗ്രാം എന്നത് 27 കി.ഗ്രാമായി പുതുക്കി നിശ്ചയിച്ചിരുന്നു.

റബ്ബർ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന ടാപ്പിംഗ് തൊഴിലാളികൾക്ക് ഒരു ബ്ളോക്ക് മരം ടാപ്പ് ചെയ്യുന്നതിന് അടിസ്ഥാനശംബളവും ക്ഷാമബത്തയും ചേർത്ത് [illegible] രൂപ കൂലി ലഭിക്കുന്നു. എന്നാൽ നാട്ടിൻപുറങ്ങളിൽ ഒരു ബ്ളോക്ക് മരം ടാപ്പ് ചെയ്ത് കറ എടുക്കുന്നതിന് 700 രൂപ കൂലി ലഭിക്കുന്നു. തോട്ടങ്ങളിലെ ടാപ്പിംഗ് തൊഴിലാളികൾക്ക് ശമ്പളവും ആനുകൂല്യങ്ങളും ചേർത്ത് 550 രൂപയോളം ചെലവ് വരുന്നതായി മാനേജ്മെന്റ് പ്രതിനിധികൾ ബോധിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇപ്പോഴത്തെ വേതനം ഇന്നത്തെ ജീവിത സാഹചര്യത്തിൽ കുറവാണെന്ന് കാണാവുന്നതാണ്.

ഏലത്തോട്ടം തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർത്ത് 331 രൂപയാണ് ലഭിക്കുന്നത്. ഈ നിരക്ക് സ്പൈസസ് പ്ലാന്റേഷൻ അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ശരിവയ്ക്കുന്നു.

കാപ്പി തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർത്ത് 305 രൂപയാണ് കൂലി ലഭിക്കുന്നത്.

'ദി യുണൈറ്റഡ് പ്ലാന്റേഴ്സ് അസ്സോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യ' (UPASI) ഫയൽ ചെയ്ത സ്റ്റേറ്റ്മെന്റ് അനുസരിച്ച് കേരളത്തിൽ ലഭിക്കുന്ന കൂലിയേക്കാൾ കുറഞ്ഞ കൂലിയാണ് തമിഴ്നാട്ടിൽ ലഭിക്കുന്നത്. തമിഴ്നാട്ടിൽ ഒരു ഹെക്ടറിൽ നിന്നും 2015 കിലോ തേയില ലഭിക്കുമ്പോൾ കേരളത്തിൽ 1562 കിലോ തേയില മാത്രമേ ലഭിക്കുന്നുള്ളൂ എന്നും പറഞ്ഞിട്ടുണ്ട്. കേരളത്തേക്കാളും കുറഞ്ഞ കൂലിയേ തമിഴ്നാട്ടിലെ തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നുള്ളൂ എങ്കിലും കേരളത്തിലെ തോട്ടം തൊഴിലാളികൾക്ക് ഇപ്പോൾ തമിഴ്നാട്ടിലെ തോട്ടം തൊഴിലാളികളേക്കാൾ കൂടിയ കൂലി നൽകുന്നതിന് ന്യായീകരണമുണ്ട്. തമിഴ്നാട്ടിനേക്കാൾ കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വളരെ കൂടുതലാണ്. തമിഴ്നാട്ടിൽ തോട്ടം മേഖലയ്ക്ക് പുറത്തുള്ള മറ്റു മേഖലകളിലും കൂലി നിരക്ക് വളരെ കുറവാണ്.

ജീവിത നിലവാരം, ശുചിത്വബോധം, ആരോഗ്യസുരക്ഷ തുടങ്ങിയ മേഖലകളിൽ കേരളം ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും മുന്നിലാണ്. എന്നാൽ ...ളിൽ സൂചിപ്പിച്ചതുപോലെ കേരളത്തിലെ തോട്ടങ്ങളിലെ ലയങ്ങളുടെ സ്ഥിതി, കുടിവെള്ള സൗകര്യം, ആശുപത്രികളുടെ അവസ്ഥ എന്നിവ പരിതാപകരമാണ്. ...സന്ധിയുടെ കാരണം പറഞ്ഞ് തോട്ടം ഉടമകൾ അത്തരം സൗകര്യങ്ങൾ തോട്ടം

തൊഴിലാളികൾക്ക് ഏർപ്പെടുത്തി കൊടുക്കുന്നതിൽ വിമുഖത കാണിക്കുന്നു. ഈ സാഹചര്യത്തിൽ വേതനത്തിനു പുറമേ തോട്ടം തൊഴിലാളികൾക്ക് മറ്റ് ആനുകൂല്യ ങ്ങൾ കൂടി ലഭിക്കുന്നതുകൊണ്ട് വേതന വർദ്ധന ആവശ്യമില്ലെന്നുള്ള വാദം യാതൊരു കാരണത്താലും അംഗീകരിക്കാൻ കഴിയുന്നതല്ല.

മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ തോട്ടം തൊഴിലാളികൾക്ക് ഒരുക്കിക്കൊ ടുത്ത് തോട്ടം തൊഴിൽ മേഖല ആകർഷകമാക്കിയില്ലെങ്കിൽ ഭാവിയിൽ ഈ തൊഴി ലിന് ആളെ കിട്ടാത്ത സ്ഥിതിയുണ്ടാകും. തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞുപോകുന്നത് തീർച്ചയായും ഒരു പ്രതിസന്ധിയായി കമ്മീഷൻ കാണുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് തൊഴിലാളികളുടെ വേതന വർദ്ധനവ് അനിവാ ര്യമാണ്.

2015-ൽ ട്രേഡ് യൂണിയനുകളെ ഒഴിവാക്കി 'പെമ്പിളൈ ഒരുമൈ' എന്ന സംഘ ടന സംഘടിപ്പിച്ച സമരത്തെ തുടർന്ന് തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിച്ചു എന്ന കാര്യം വിസ്മരിക്കുന്നില്ല. എന്നിരുന്നാലും ജീവിത ചെലവ് അടി ക്കടി വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വേറൊരു ശമ്പളവർദ്ധനവ് കൂടി ലഭിച്ചുകൂടാനാകാത്തതാണ്. ശമ്പള വർദ്ധനവിനോടൊപ്പം ഉത്പാദനം വർദ്ധിപ്പിക്കു ന്നതിന് തൊഴിലാളി സംഘടനകളും മാനേജ്മെന്റുകളും കൂട്ടായി ചർച്ചനടത്തി തീരു മാനമെടുക്കേണ്ടതാണ്.

## 2) കാലാവസ്ഥാ വ്യതിയാനം

മൂന്നാർ, പീരുമേട് മേഖലകളിൽ മുമ്പുണ്ടായിരുന്ന കാലാവസ്ഥയിൽ ഇപ്പോൾ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു. മൂന്നാറിൽ തേയില തോട്ടങ്ങൾ

കരിഞ്ഞുണങ്ങി കിടക്കുന്നത് തെളിവെടുപ്പ് വേളയിൽ കമ്മിഷൻ നേരിട്ട് കണ്ടതാണ്. തേയില, ഏലം തുടങ്ങിയ വിളകൾക്ക് വർദ്ധിച്ചുവരുന്ന ചൂട് ഭീഷണിയാണ്. പ്ലാന്റേഷൻ വിളകളല്ലാത്ത കുരുമുളക്, എണ്ണപ്പന, തെങ്ങ് മറ്റ് ഫലവൃക്ഷങ്ങൾ എന്നിവ ഈ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നവയാണ്. ഇന്നത്തെ അവസ്ഥയിൽ തോട്ടങ്ങളിൽ റബ്ബറും കാപ്പിയും തേയിലയും ഏലവും മാത്രം കൃഷി ചെയ്യുകയാണെങ്കിൽ പല തോട്ടങ്ങളും പൂട്ടിയിടേണ്ടിവരും. അതിനുള്ള പരിഹാരങ്ങളിൽ ഒന്ന് തോട്ടങ്ങളിൽ തെങ്ങ് കമുക്, കശുമാവ്, കുരുമുളക് മറ്റ് ഫലവൃക്ഷങ്ങൾ എന്നിവ ഇടവിളയായി കൃഷി ചെയ്യുക എന്നതാണ്. ഇക്കാര്യത്തിൽ നിയമങ്ങളിൽ ഭേദഗതികൾ ആവശ്യമുണ്ടെങ്കിൽ ആയത് വരുത്തേണ്ടതാണ്.

തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിനായി അധികൃതരിൽനിന്നും അനുമതി കിട്ടുന്നതിന് 1967-ലെ ഭൂവിനിയോഗ ഉത്തരവ് തടസ്സമാണെന്ന് തോട്ടം ഉടമകൾ അഭിപ്രായപ്പെടുന്നു. ഭൂവിനിയോഗ ഉത്തരവ് (Land Utilization Order) അനുസരിച്ച് ഏതെങ്കിലും ഭക്ഷ്യവിള തുടർച്ചയായി മൂന്നു വർഷം ഒരു സ്ഥലത്ത് കൃഷി ചെയ്യുകയാണെങ്കിൽ ആ സ്ഥലത്ത് വേറെ ഭക്ഷ്യവിള കൃഷി ചെയ്യുകയോ, അവിടം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യണമെങ്കിൽ ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്. എന്നാൽ ജില്ലാ കളക്ടർമാർ അത്തരം അനുമതി നൽകാറില്ലെന്ന് തോട്ടം ഉടമകൾ പരാതിപ്പെടുന്നു. വിളമാറി കൃഷി ചെയ്യുന്നതിനുവേണ്ടിയുള്ള തോട്ടം ഉടമകളുടെ അപേക്ഷകൾ ജില്ലാ കളക്ടർമാർ ലാന്റ് ബോർഡിന്റെ പരിഗണനക്ക് വിടുകയാണ് ചെയ്യുന്നത്. ലാന്റ് ബോർഡ് വിള മാറി കൃഷി ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള തീരുമാനങ്ങൾ എടുക്കാറില്ല. 1960-ലെ ഭക്ഷ്യപ്രതിസന്ധിയുടെ പശ്ചാത്തലത്തിലാണ് 1967-ലെ ഭൂവിനിയോഗ ഉത്തരവ് (Land Utilization Order) പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ അത്ത

രത്തിലുള്ള ഒരു ഭക്ഷ്യ പ്രതിസന്ധി ഇല്ല. ഭൂവുടമയ്ക്ക് വിളമാറി കൃഷി ചെയ്യുന്നതിന് ജില്ലാ കളക്ടറുടെയോ മറ്റ് അധികാരികളുടെയോ അനുവാദം വേണ മെന്നുള്ള നിബന്ധന എടുത്തുകളയേണ്ടതാണ്.

........

## അദ്ധ്യായം - 6

# തോട്ടം മേഖല അഭിമുഖീകരിക്കുന്ന മറ്റ് പ്രശ്നങ്ങൾ:

### (1) ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും പിന്തിരിയുന്നു

ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ലോൺ എടു ക്കാതെ തോട്ടങ്ങൾ സംരക്ഷിക്കാൻ ഇപ്പോഴത്തെ സ്ഥിതിയിൽ കഴിയുന്നതല്ല. എസ്റ്റേറ്റുകൾക്ക് സർക്കാർ ഭൂമി പാട്ട വ്യവസ്ഥയിൽ കൃഷി ചെയ്യുന്നതിന് നൽകിയി ട്ടുണ്ട്. ഇത്തരത്തിലുള്ള ഭൂമി ഈടിൻമേൽ വായ്പ നൽകുന്നതിന് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും വിസമ്മതിക്കുന്നു. വനംവകുപ്പ് പാട്ടഭൂമി ഈട് വച്ച് ലോൺ എടുക്കുന്നതിന് സാധുവായ കാരണങ്ങളില്ലാതെ തടസ്സങ്ങൾ സൃഷ്ടിക്കുന്ന തായി തോട്ട ഉടമകൾ ആരോപിക്കുന്നു. തോട്ടങ്ങളുടെ ഉത്പാദനചെലവ് വർദ്ധിക്കു കയും ബാലൻസ് ഷീറ്റിൽ നഷ്ടങ്ങളുടെ കണക്ക് വർദ്ധിക്കുകയും ചെയ്ത സാഹച ര്യത്തിൽ പുതിയ ഇൻവെസ്റ്റ്മെന്റ് ഈ മേഖലയിൽ നടത്തുന്നതിനുള്ള ശേഷി തോട്ട ഉടമകൾക്ക് നഷ്ടപ്പെട്ടു. പാട്ടഭൂമി ഈടു വച്ച് ലോൺ നൽകുന്നതിന് ബാങ്കുകളും മറ്റ് ധനകാര്യസ്ഥാപനങ്ങളും തയ്യാറാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ തടസ്സവാദങ്ങൾ ഉന്നയിക്കാൻ വനംവകുപ്പിന് അധികാരമില്ല.

## (2) പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുള്ള വനഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ

തിരുവിതാംകൂർ കൊച്ചി ഗവൺമെന്റുകളുടെ കാലഘട്ടത്തിൽ വനഭൂമി തോട്ടങ്ങൾക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് വനഭൂമിയായി കിടന്നിരുന്ന പ്രദേശം തോട്ട ഉടമകൾ കഠിനാധ്വാനം ചെയ്താണ് ഇന്നത്തെ അവസ്ഥയിലെത്തിച്ചത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ പാട്ടത്തുക വളരെ കൂടുതലാണെന്ന് തോട്ട ഉടമകൾ പരാതിപ്പെടുന്നു. 2009-ൽ പാട്ടത്തുക ഹെക്ടറിന് 1300 രൂപയായി ഉയർത്തുകയുണ്ടായി.

The Kerala Grants & Leases (Modification of Rights) Act, 1980 അനുസരിച്ച് പാട്ടമായി കൊടുത്ത വനഭൂമിയിൽ നിന്നും തടി മുറിച്ചു മാറ്റുമ്പോൾ ഗവൺമെന്റിന് സീനിയറേജ് ഈടാക്കാം. തേക്ക്, ഈട്ടി, ചന്ദനം, മഹാഗണി തുടങ്ങിയ മരങ്ങൾ വനോത്പന്നമായി കണക്കാക്കി സീനിയറേജ് ഈടാക്കി വരുന്നു. എന്നാൽ റബ്ബർ വനോത്പന്നമല്ലെന്നിരിക്കെ റബ്ബർ തടിക്ക് സീനിയറേജ് ഈടാക്കിത്തുടങ്ങി.

കേരളത്തിൽ പാട്ടക്കാലാവധി തീരുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകാതെ ഗവൺമെന്റ് സ്ഥലം ഏറ്റെടുക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ പാട്ടക്കാലാവധി അവസാനിച്ച ശേഷം ഗവൺമെന്റ് ഏറ്റെടുക്കുന്ന പ്രദേശം കൃഷി ചെയ്യാതെ ഉപയോഗശൂന്യമായി കിടക്കുന്നു. സമീപ സംസ്ഥാനങ്ങളായ തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയതുമുതൽ പാട്ടവ്യവസ്ഥ ഇല്ലാതായി. പചിമബംഗാൾ, ആസ്സാം എന്നീ സംസ്ഥാനങ്ങളിൽ 30 വർഷത്തെ കാലയളവിലേക്കാണ് പാട്ടം അനുവദിക്കുന്നത്. പശ്ചിമബംഗാളിൽ പാട്ടം പുതുക്കുന്ന സമയത്ത് മറ്റൊരാളിന്റെ പേരിൽ പുതുക്കുകയാണെങ്കിൽ ഹെക്ടറിന് 15000 രൂപ നിരക്കിൽ സലാമി എന്ന പേരിൽ തുക ഈടാക്കി വരുന്നു. കേരളത്തിലെ പ്ലാന്റേഷനുകളുടെ പാട്ടക്കാലാവധി തീരുന്ന മുറക്ക്

പാട്ടം പുതുക്കി നൽകി ടി പ്രദേശം പ്ലാന്റേഷനായി നിലനിർത്തി തൊഴിൽ നഷ്ടം ഉണ്ടാകാതെ നോക്കേണ്ടതുമാണ്.

## (3) പരിസ്ഥിതി ലോലപ്രദേശങ്ങൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയ തോട്ടങ്ങൾ:

Kerala Forests (Vesting and Management of Ecologically Fragile Lands) Act, 2003 അനുസരിച്ച് കേരളത്തിൽ തോട്ടങ്ങൾ വനംവകുപ്പ് ഏറ്റെടുക്കുന്നു. പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റി റിപ്പോർട്ട് 2009-10 പ്രകാരം എക്കോളജിക്കലി ഫ്രെജൈൽ ലാന്റ് എന്ന വിഭാഗത്തിൽ ഉൾപ്പെട്ട സ്ഥലങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ ഇല്ലെന്ന് പറഞ്ഞിട്ടുണ്ട്. ടി പ്രദേശങ്ങളിൽ ഉൾപ്പെട്ടതായികാണിച്ച് അവിടങ്ങളിൽ ഒരു പ്ലാന്റേഷന്റേയും പ്രവർത്തനം നിർത്തി വച്ചിട്ടില്ല. കേരളത്തിൽ ഈ നിയമം നടപ്പിലാക്കുന്നതിനു മുമ്പ് തോട്ടങ്ങൾ മൂലം പരിസ്ഥിതിക്ക് ഹാനികരമായി യാതൊന്നും സംഭവിച്ചിട്ടില്ല. അതുകൊണ്ട് എക്കോളജിക്കലി ഫ്രെജൈൽ ലാന്റ് എന്ന വിഭാഗത്തിൽ പെടുത്തി തോട്ടങ്ങൾ പിടിച്ചെടുക്കുന്ന വനം വകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കേണ്ടതാണ്.

## (4) തോട്ടങ്ങൾക്കെതിരെ ലാന്റ് കൺസർവൻസി ആക്ട് അനുസരിച്ച് എടുക്കുന്ന നടപടികൾ:

പോലീസ് സ്വമേധയായും ചില സ്ഥാപിത താല്പര്യക്കാരുടെ പരാതിയുടെ അടിസ്ഥാനത്തിലും സർക്കാർ ഭൂമി കൈയേറിയതായി ലാന്റ് കൺസർവൻസി ആക്ടിലെ സെക്ഷൻ 7(എ) അനുസരിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതായും

ദതാട്ടം ഉടമകൾ പരാതിപ്പെടുന്നു. യാതൊരു പ്രാഥമികാന്വേഷണങ്ങളും നടത്താതെയും തൊഴിലുടമകൾക്ക് തങ്ങളുടെ വാദമുഖങ്ങൾ അവതരിപ്പിക്കുവാൻ അവസരം കൊടുക്കാതെയുമാണ് പോലീസ് ഇത്തരം നടപടികൾ കൈക്കൊള്ളുന്നത്. സർക്കാർഭൂമി/പുറംപോക്കുഭൂമി കൈയേറുന്നതിനെതിരെയാണ് ലാന്റ് കൺസർവൻസി ആക്ട് സെക്ഷൻ 7(എ) അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതു്. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് രേഖകളുള്ളതും ഭൂനികുതി നൽകി വരുന്നതിന്റെ രേഖകളുള്ളതുമാണെങ്കിൽ ആ ഭൂമിയെ സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടെങ്കിൽ ഒരു സിവിൽ കോടതി മുഖേന മാത്രമേ ആ തർക്കം പരിഹരിക്കാൻ കഴിയുകയുള്ളൂ. ഭൂമിയുടെ ഉടമസ്ഥാവകാശത്തെ ചോദ്യം ചെയ്തുകൊണ്ട് പോലീസ് എടുക്കുന്ന നടപടികൾ പുതിയ നിക്ഷേപം തോട്ടം മേഖലയ്ക്ക് ലഭിക്കുന്നതിന് തടസ്സമാകുന്നു. ഇത്തരുണത്തിൽ AIR 1982 SC 1081ൽ റിപ്പോർട്ടു ചെയ്തിട്ടുള്ള കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരാമർശം പ്രസക്തമാണ്.

*"The summary remedy for eviction provided by Section 6 of the Act can be resorted to by the Government openly against persons who are in unauthroised occupation of any land which is "the property of the Government". To decide whether the summary remedy can be used what is relevant is more the nature of the property on which the encroachment is alleged to have been committed and the consideration whether the claim of the occupant is bonafide. Facts which raise a bonafide dispute of title between the Government and the occupant must be adjudicated upon by the ordinary courts*

*w. The summary remedy under Section 6 is not suited to resolving ions of title. The Government cannot decide such questions unilaterally in vn favour and evict any person summarily on the basis of such decision. tion of occupation is also relevant in that a person in occupation for a time can be taken, prima facie, to have a bonafide claim to the property ring an impartial adjudication according to the established procedure of*

## വനംവകുപ്പിനെതിരെയുള്ള തോട്ടം ഉടമകളുടെ ആക്ഷേപങ്ങൾ:

വനംവകുപ്പ് തോട്ടങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പല തടസ്സങ്ങളും ടിക്കുന്നതായി തോട്ടം ഉടമകളുടെ സംഘടനയായ എ.പി.കെ. ആരോപിക്കു ഒന്നാമതായി പാട്ടാവകാശം പാട്ടക്കാരോ അവരുടെ അവകാശികളോ റ്റം ചെയ്യുന്നത് പാട്ടക്കരാറിന്റെ ലംഘനവും ഫോറസ്റ്റ് കൺസർവേഷൻ ിന്റെ ലംഘനവുമാണെന്ന വനം വകുപ്പിന്റെ നിലപാടാണ്. കൊച്ചി മെന്റിന്റെ കാലത്ത് നൽകിയിരുന്ന പാട്ടങ്ങൾ പാട്ട ആധാരങ്ങളിൽ പറയുന്ന ാർക്കും അവരുടെ അവകാശികൾക്കും കൈമാറ്റക്കാർക്കും വേണ്ടിയുള്ളതാ ു. പല പാട്ടാധാരങ്ങളിലും പാട്ട കൈമാറ്റം കൊച്ചിൻ രജിസ്ട്രേഷൻ ആക്ട് ിരിച്ച് രജിസ്ട്രർ ചെയ്യണമെന്ന് വ്യവസ്ഥ ഉണ്ടായിരുന്നു. നെല്ലിയാമ്പതി കാരപ്പാറ എസ്റ്റേറ്റ് കേസ്സിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി അത്തരം ൾ കൈമാറ്റം ചെയ്യാവുന്നതാണെന്ന് വിധിച്ചിട്ടുള്ളതായി തോട്ടം ഉടമകൾ ു. പാട്ടാവകാശം കൈമാറ്റം ചെയ്യുന്നത് പാട്ടാധാരത്തിന്റെ ലംഘനമോ

ാറസ്റ്റ് കൺസർ വേഷൻ ആക്ടിന്റെ ലംഘനമോ അല്ലെന്ന് തോട്ടം ഉടമകൾ വാദി ുന്നു.

പ്ലാന്റേഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി പാട്ടഭൂമി ഈടുവച്ചു ണ്ട് വായ്പയെടുക്കുന്നതിനുള്ള തോട്ട ഉടമകളുടെ അവകാശത്തിന് വനം പ്പ് തടസ്സമുണ്ടാക്കുന്നവെന്നാണ് മറ്റൊരു ആരോപണം. ധാരാളം തൊഴിലാളി തോട്ടങ്ങളിൽ ജോലി ചെയ്യുന്നതുകൊണ്ട് ആവശ്യത്തിന് ഫണ്ട് ലഭിക്കാതെ ട്ടങ്ങൾക്ക് നിലനിൽക്കാനാവില്ല. സർക്കാർ ഭൂമി തോട്ടങ്ങൾക്ക് പാട്ടത്തിന് കുമ്പോൾ ആ ഭൂമി ഈടുവച്ച് തോട്ടത്തിന്റെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് ങ്കുകളിൽനിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാൻ തോട്ട കൾക്ക് അവകാശമുണ്ടെന്നും അത് തടയാൻ മറ്റാർക്കും അവകാശമില്ലെന്നും ട്ട ഉടമകൾ അഭിപ്രായപ്പെടുന്നു.

വനംവകുപ്പിനെതിരായ വേറൊരു ആരോപണം തോട്ടങ്ങളിലെ തണൽമരങ്ങ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നത് (Pruning) Kerala Preservation of Trees Act, ന്റെ ലംഘനമാണെന്ന് പറഞ്ഞ് തടസ്സം ചെയ്യുന്നു എന്നുള്ളതാണ്. ഇതുമൂലം വിളകളുടെ ഉത്പാദനത്തിന് കുറവു വരുന്നതായി തോട്ട ഉടമകൾ പരാതിപ്പെ . കേരളാ Kerala Preservation of Trees Act, 1986 Section 4 (3) Proviso അനു ച്ച് തോട്ടങ്ങളിലെ തണൽമരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നത് അനുവദനീ ണെന്ന് തോട്ടം ഉടമകൾ വാദിക്കുന്നു. തോട്ടം ഉടമകളുടെ മേൽപറഞ്ഞ വാദ ങ്ങൾ സൂക്ഷ്മമായി പരിശോധിച്ചതിൽ ആയത് നിയമപ്രകാരം നിലനിൽക്കുന്ന നന്ന് കാണുന്നു. തോട്ട ഉടമകൾക്ക് പാട്ടാവകാശം കൈമാറ്റം ചെയ്യാനും മി പണയപ്പെടുത്തി തോട്ടങ്ങളുടെ ആവശ്യത്തിന് വായ്പ എടുക്കുന്നതിനും

ോട്ടങ്ങളിലെ തണൽമരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിനും അവകാശമുണ്ടെ
മുള്ള കാര്യങ്ങളിൽ സംശയത്തിനിടയില്ല.

## (ഃ) തോട്ടങ്ങളുടെ ഭൂനികുതി സ്വീകരിക്കാത്തതും കൈവശാവകാശ സർട്ടിഫിക്കറ്റുകൾ കൊടുക്കാത്തതും സംബന്ധിച്ച ആക്ഷേപങ്ങൾ:-

100 വർഷങ്ങൾക്കു മുമ്പേ കൈവശം വച്ചും കൃഷിചെയത് അനുഭവിച്ചും വ ന്ന തോട്ടങ്ങളുടെ ഉടമസ്ഥാവകാശത്തെ സംബന്ധിച്ച് തർക്കമുണ്ടെന്ന കാരണം ഞ്ഞ് റവന്യൂ അധികാരികൾ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ഭൂനികുതി സ്വീക ക്കുന്നില്ലെന്നും അത്തരം ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ നൽകു ല്ലെന്നും ഹാരിസൻൺസ് മലയാളം എസ്റ്റേറ്റ് മാനേജ്മെന്റ് പരാതിപ്പെടുന്നു. തുമൂലം ബാങ്കുകളിൽ നിന്നും ആവശ്യമുള്ള വായ്പ എടുക്കുവാൻ കഴിയുന്നില്ല. ോട്ടങ്ങൾ അനധികൃതമായി കൈവശം വച്ചിരിക്കുന്നു എന്ന ആരോപണത്തിന്റെ ിസ്ഥാനത്തിൽ തോട്ടങ്ങളിൽ അന്യരുടെ കടന്നുകയറ്റം തടയുന്നതിനും ലീസ് വിസമ്മതിക്കുന്നു. നൂറ്റാണ്ടുകളായി തോട്ട ഉടമകൾ കൈവശം വച്ച് അനു ക്കുന്ന ഭൂമിയുടെ നികുതി സ്വീകരിക്കാതിരിക്കുന്ന റവന്യൂ ഉദ്യോഗസ്ഥരുടെ ടികൾ ന്യായീകരിക്കത്തക്കതല്ലെന്നും തോട്ടം ഉടമകൾ പറയുന്നു. നൂറ്റാണ്ടു ക്ക് മുമ്പുള്ള തോട്ടങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ആധാരങ്ങളുടെ പ്പുകൾ സബ് രജിസ്ട്രാഫീസിൽ നിന്നും ലഭിക്കാറില്ല. തോട്ടങ്ങളുടെ ഉടമസ്ഥാ ശത്തെപ്പറ്റി തർക്കമുണ്ടെങ്കിൽ കോടതിയുടെ നിർദ്ദേശമില്ലാതെ ഭൂനികുതി സ്വീ ാതിരുക്കുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് കൊടുക്കാതിരിക്കുന്ന യാതൊരു ന്യായീകരണവുമില്ല. അതുപോലെ തന്നെ തോട്ടങ്ങളുടെ ഉടമ കാശത്തെ സംബന്ധിച്ച് കോടതികളിൽ നിലവിലുള്ള കേസ്സുകളിൽ കോടതി

ിധിക്ക് വിധേയമായി തോട്ടങ്ങളിൽ റീപ്ലാന്റിംഗ് നടത്തുന്നതിന് അനുവദിക്കേണ്ടതാ ണ്.

## (7) ജോലിയിൽ നിന്നും വിരമിച്ച തൊഴിലാളികളുടെ പ്രശ്നങ്ങൾ:

ജോലിയിൽ നിന്നും പിരിയുന്ന തൊഴിലാളികൾ ലയങ്ങളിൽ നിന്ന് ഒഴിഞ്ഞു പാകാതെ അവിടെത്തന്നെ താമസിക്കുന്നതായും വളരെ ബുദ്ധിമുട്ടിയാൽപോലും യങ്ങൾ ഒഴിപ്പിച്ചെടുക്കാൻ കഴിയാറില്ലായെന്നും മാനേജ്മെന്റുകൾ പരാതിപ്പെടുന്നു. ാന്റേഷൻ ചീഫ് ഇൻസ്പെക്ടറും ഈ അഭിപ്രായം ശരിവയ്ക്കുന്നു. ഇത്തരത്തിൽ ർവ്വീസിൽ നിന്നും പിരിഞ്ഞ തൊഴിലാളികൾ എസ്റ്റേറ്റ് ലയങ്ങളിൽ താമസിച്ചു കാണ്ട് ദിവസക്കൂലി മാത്രം കൈപ്പറ്റിക്കൊണ്ട് ജോലി ചെയ്യുന്നു. മേൽപ്പറഞ്ഞ ാഴിലാളികൾക്ക് സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തതുകൊണ്ടാണ് ഇപ്രകാരം ാഭവിക്കുന്നത്. തൊഴിൽ തർക്കം മൂലവും ആനുകൂല്യങ്ങൾ യഥാസമയം ലഭി ാത്തതുമൂലവും തൊഴിലാളികൾ ലയങ്ങൾ ഒഴിയാതെ അവിടെത്തന്നെ തുടരാൻ ർബന്ധിതരാകുന്നു. പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകളിൽ പോലും ഇത്തരം തൊഴിലാ കൾ പൊട്ടിപ്പൊളിഞ്ഞ ലയങ്ങളിൽ താമസിക്കുന്നുണ്ട്.

സ്വന്തമായി വീടോ ഭൂമിയോ ഇല്ലാത്ത സർവ്വീസിൽ നിന്ന് പിരിയുന്ന തൊഴി ളികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് പ്പാക്കേണ്ടതാണ്.

........

അദ്ധ്യായം - 7

# പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് അനുസരിച്ച് ഇപ്പോൾ കേരള ത്തിൽ 13 തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നു. ഇതിൽ 11 തോട്ടങ്ങൾ സാമ്പത്തിക പ്രതിസ ന്ധിമൂലവും 2 തോട്ടങ്ങൾ തൊഴിൽ തർക്കം മൂലവും പൂട്ടിയതായി കാണുന്നു.

**കേരളത്തിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.**

| ക്രമ നം. | തോട്ടത്തിന്റെ പേര് | ജില്ല | തൊഴിലാളികളുടെ എണ്ണം | വിളകൾ | പൂട്ടാനുണ്ടായ സാഹചര്യം |
|---|---|---|---|---|---|
| | മേത്താനത്ത് | ഇടുക്കി, തൊടുപുഴ | 86 | തേയില | സാമ്പത്തിക പ്രതിസന്ധി |
| | എം.എം.ജെ.പ്ലാന്റേഷൻ കോട്ടമല എസ്റ്റേറ്റ് | ഇടുക്കി പീരുമേട് | 627 | തേയില | സാമ്പത്തിക പ്രതിസന്ധി |
| | ബോണാമി | ഇടുക്കി പീരുമേട് | 266 | തേയില | സാമ്പത്തിക പ്രതിസന്ധി |
| | പീരുമേട് ടീ കമ്പനി | ഇടുക്കി പീരുമേട് | 412 | തേയില | സാമ്പത്തിക പ്രതിസന്ധി |
| | കരിമല | പാലക്കാട് | 5 | ഏലം കാപ്പി | സാമ്പത്തിക പ്രതിസന്ധി |
| | വാഴക്കുണ്ട് | പാലക്കാട് | 2 | കാപ്പി | സാമ്പത്തിക പ്രതിസന്ധി |
| | ശിങ്കാരച്ചോല | പാലക്കാട് | 17 | കാപ്പി ഏലം | സാമ്പത്തിക പ്രതിസന്ധി |
| | ബിയാട്രിസ് | പാലക്കാട് | 19 | കാപ്പി ഏലം | സാമ്പത്തിക പ്രതിസന്ധി |

| | | | | |
|---|---|---|---|---|
| റോസറി | പാലക്കാട് | 17 | കാപ്പി, റബ്ബർ, കുരുമുളക് | സാമ്പത്തിക പ്രതിസന്ധി |
| കള്ളിയറ | പാലക്കാട | 22 | റബ്ബർ | സാമ്പത്തിക പ്രതിസന്ധി |
| മണലാരു കാർഡമം ഡിവിഷൻ | പാലക്കാട് | 2 | ഏലം | സാമ്പത്തിക പ്രതിസന്ധി |
| ബോണക്കാട് എസ്റ്റേറ്റ് | തിരുവനന്തപുരം | 624 | റബ്ബർ, തേയില, തെങ്ങ്, ഗ്രാമ്പു,ഏലം കുരുമുളക് | തൊഴിൽ തർക്കം |
| ഗോകുൽ എസ്റ്റേറ്റ് | തിരുവനന്തപുരം | 49 | റബ്ബർ, ഗ്രാമ്പൂ | തൊഴിൽ തർക്കം |

അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ജീവിതം വളരെ പരിതാ രമാണ്. തോട്ടം തൊഴിലിൽ നിന്നും ലഭിച്ചിരുന്ന വരുമാന മാർഗ്ഗം ഇല്ലാതായി. പി.എഫ് ഇനത്തിൽ തൊഴിലാളികളിൽ നിന്നും പിടിച്ചിരുന്ന തുകകൾ പോലും വലിക്കാൻ കഴിയുന്നില്ല. അതുപോലെ പിരിഞ്ഞുപോയ തൊഴിലാളികളുടെ ുവിറ്റി തുകപോലും നൽകിയിട്ടില്ല. തൊഴിലാളികളിൽ നിന്നും പിരിച്ചെടുത്ത ൽ.ഐ.സി. പോളിസി വിഹിതം ഒടുക്കാത്തതിനാൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങ ല ആയിരക്കണക്കിന് തൊഴിലാളികളുടെ എൽ.ഐ.സി. പോളിസികൾ മുട പ്പായിട്ടുണ്ട്. തോട്ടം ഉടമകൾ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങ നിന്നും എടുത്തിരുന്ന വായ്പകൾ തിരിച്ചടക്കാത്തതിനാൽ അതിനെതിരെയുള്ള ടികൾ ആരംഭിക്കേണ്ടിവന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ക്കാരിനും ലഭിക്കേണ്ട നികുതികൾ ലഭിക്കാതെവരികയും ചെയ്തു.

...ൾ പറയുന്നു. അതിൽനിന്ന് ഒരു വിഹിതം തൊഴിലാളികൾക്ക് കൂലിയായി നൽകി ...ട്ടുണ്ട്.

പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ പലതും താല്ക്കാലികമായി തുറന്നു ...വർത്തിക്കാറുണ്ട്. എന്നാൽ പലതും വീണ്ടും പൂട്ടുകയും തൊഴിലാളികളുടെ ...വിതം ദുരിതത്തിലാക്കുകയും ചെയ്യുന്നു.

കേരളാ പ്ലാന്റേഷൻ ലേബർ ഫെഡറേഷൻ (ഇകഠഡ), ജനറൽ സെക്രട്ടറിയുടെ ...ട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച് ശ്രദ്ധേയ ...യ നിർദ്ദേശം ചുവടെ ചേർക്കുന്നു:

"ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങൾ തൊഴിലാളികളുടെ സഹകരണസം...ങ്ങൾ രൂപീകരിച്ച് അവർക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിച്ചാൽ ...തരം ദുരന്തങ്ങൾ ഒഴിവാക്കാനാകും. ഇക്കാര്യത്തിൽ ത്രിപുര സർക്കാർ ...ൃക്ക് ആകെ മാതൃകയാണ്. ഈ മാതൃക ബംഗാൾ, ആസ്സാം, തമിഴ്നാട്, കർണ്ണാ... കേരള സർക്കാരുകൾക്ക് സ്വീകരിക്കാവുന്നതാണ്. കേന്ദ്ര ഗവൺമെന്റുകൂടി ...മായി സഹായിക്കാൻ തയ്യാറായാൽ സ്ഥിതി മെച്ചപ്പെടും".

...പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകൾ സർക്കാർ ഏറ്റെടുത്ത് വേണ്ട നടപടികൾ സ്വീക... ...പവർത്തനക്ഷമമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം കേരളാ പ്ലാന്റേഷൻ ലേബർ ...റേഷൻ ജനറൽ സെക്രട്ടറി നിർദ്ദേശിച്ചതുപോലെ തൊഴിലാളികളുടെ സഹക... ...സംഘങ്ങൾ രൂപീകരിച്ച് ഗവൺമെന്റ് സഹായം നൽകി പ്രവർത്തിപ്പിക്കേ... ...ന്.

തിരുവനന്തപുരം ജില്ലയിലെ പൂട്ടിക്കിടക്കുന്ന ബോണാക്കാട് എസ്റ്റേറ്റ് കമ്മി സന്ദർശിക്കുകയും തൊഴിലാളികളുടെ പരാതികൾ കേൾക്കുകയും ചെയ്തു. എസ്റ്റേറ്റ് 2002-ൽ പൂട്ടിയപ്പോൾ 468 തൊഴിലാളികളുണ്ടായിരുന്നു. അവരിൽ ന്തുപോയവരും മരണപ്പെട്ടവരും ഒഴിച്ച് 412 തൊഴിലാളികളൾക്ക് തൊഴിൽവകു നിന്നും എക്സ് ഗ്രേഷ്യ ധനസഹായം നൽകുന്നുണ്ട്. തൊഴിലാളികളിൽ ം പി.എഫ് വിഹിതം 2002 വരെ പിടിച്ചിരുന്നെങ്കിലും 97 വരെയുള്ള വിഹിതം മ മാനേജ്മെന്റ് അടച്ചിട്ടുള്ളൂ. എൽ.ഐ.സിയിലേയ്ക്ക് തൊഴിലാളികളിൽ ം പിടിച്ചിരുന്ന തുക അടച്ചിട്ടില്ല. 2000-ൽ പിരിഞ്ഞ തൊഴിലാളികൾക്കുപോലും ജ്മെന്റ് ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. ഈ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന ഗവ: യു. കൂളിൽ ഒരു വിദ്യാർത്ഥി പോലും പഠിക്കുന്നില്ല. എന്നാൽ ഒരു അദ്ധ്യാപകൻ ിൽ എത്താറുണ്ടെന്ന് ഈ തൊഴിലാളികൾ പറയുന്നു. തൊഴിലാളികൾക്ക് ്യ റേഷൻ കഴിഞ്ഞ 5 വർഷത്തിനിടയിൽ 2 തവണ മാത്രമേ കിട്ടിയിട്ടുള്ളൂ. ാട്ടം താല്ക്കാലികമായി ഇടയ്ക്ക് പ്രവർത്തനം ആരംഭിച്ചപ്പോൾ 227 തൊഴി ൾ ജോലിക്ക് ഹാജരായതായി കണക്കാക്കയിട്ടുണ്ട്. ഈ തോട്ടത്തിൽ ഉള്ള ാളികളിൽ ഭൂരിഭാഗവും വിതുര തുടങ്ങിയ പ്രദേശങ്ങളിൽ മറ്റ് തൊഴിലു പോകുന്നുണ്ട്. 1351 ഏക്കർ വിസ്തീർണ്ണമുള്ള ഈ തോട്ടത്തിൽ 110 ഏക്ക മ്പറും 110 ഏക്കറിൽ ഏലവും കൃഷി ചെയ്തിട്ടുള്ളതായി കാണുന്നു. ഇടവിള തെങ്ങുകളും കുരുമുളകും കൃഷി ചെയ്യുന്നു. അതിൽ നിന്നുള്ള വിളവെ മാനേജ്മെന്റിന്റെ സഹകരണത്തോടെ വിറ്റഴിക്കുകയും തോട്ടത്തിൽ ജോലി ന തൊഴിലാളികൾക്ക് നിശ്ചിത തുക കൂലിയായി നൽകുന്നുമുണ്ട്. കഴിഞ്ഞ 22 ലക്ഷം രൂപയ്ക്ക് കുരുമുളക് ലേലത്തിൽ വിറ്റിരുന്നതായും തൊഴിലാളി

അദ്ധ്യായം - 7

# പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പരിഹാര നിർദ്ദേശങ്ങൾ:-

1. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും നിലവിലില്ലാത്ത പ്ലാന്റേഷൻ ടാക്സ് നിർത്തലാക്കണം.

2. തോട്ടം ഉടമകളിൽ നിന്നും കാർഷികാദായ നികുതി ഈടാക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയോ അല്ലാത്തപക്ഷം 5 വർഷത്തേക്ക് മരവിപ്പിക്കുകയോ ചെയ്യണം.
3. വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുള്ളതും ആൾതാമസമില്ലാത്തതുമായ ലയങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കണം.
4. തോട്ടങ്ങളുടെ ഇന്നത്തെ അവസ്ഥ പരിഗണിച്ച് ഭൂനികുതിയിൽ ആവശ്യമായ ഇളവ് അനുവദിക്കേണ്ടതാണ്.

5. തോട്ടങ്ങളിൽ നിന്നും റബ്ബർമരങ്ങൾ റീപ്ലാന്റേഷനുവേണ്ടി മുറിച്ചു മാറ്റുന്ന സന്ദർഭങ്ങളിൽ വനം വകുപ്പ് സീനിയറേജ് ഈടാക്കുന്നത് നിർത്തലാക്കണം.
6. ദശാബ്ദങ്ങളുടെ പഴക്കമുള്ളതും പൊട്ടിപ്പൊളിഞ്ഞതും മനുഷ്യവാസത്തിന് യോഗ്യമല്ലാത്തതുമായ എല്ലാ ലയങ്ങളും പൊളിച്ചുമാറ്റി രണ്ട് കിടപ്പുമുറികളുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് നൽകണം. അത്തരം കെട്ടിടങ്ങളെ 'വർക്കേഴ്സ് ക്വാർട്ടേഴ്സ്' എന്ന് നാമകരണം ചെയ്യണം. പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് തൊഴിലുടമയും സംസ്ഥാന സർക്കാരും തുല്യമായി വഹിക്കണം.
7. തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്കീം നടപ്പിലാക്കണം. ഇതിനാവശ്യമായ നിയമഭേദഗതികൾ വരുത്തണം.

8. കാലാവസ്ഥാ വ്യതിയാനം തോട്ടവിളകളായ തേയില, ഏലം, കാപ്പി എന്നിവയ്ക്ക് ഭീഷണിയായതിനാൽ തോട്ടങ്ങളിൽ ഇടവിള കൃഷി ചെയ്യുന്നതിന് അനുവദിക്കണം. ഇക്കാര്യത്തിൽ നിയമഭേദഗതി ആവശ്യമെങ്കിൽ വരുത്താവുന്നതാണ്.

9. തോട്ടങ്ങളുടെ പാട്ടക്കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പാട്ടം പുതുക്കി നൽകേണ്ടതും ആയതുവഴി തൊഴിൽ നഷ്ടവും ഉത്പാദന നഷ്ടവും ഉണ്ടാകാതെ നോക്കേണ്ടതാണ്.

0. കേരളാ ഫോറസ്റ്റ് (വെസ്റ്റിംഗ് & മാനേജ്മെന്റ് ഓഫ് എക്കോളജിക്കലി ഫ്രെജൈൽ ലാന്റ്) ആക്ടിന്റെ പരിധിയിൽ നിന്നും തോട്ടങ്ങളെ ഒഴിവാക്കേണ്ടതാണ്.

. തേയില, ഏലം, കാപ്പി എന്നിവ സംസ്ഥാന സർക്കാരിന്റെ സിവിൽ സപ്ളൈസ് കോർപ്പറേഷൻ പേലുള്ള പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തി സർക്കാർ തന്നെ തോട്ടങ്ങളിൽ നിന്ന് നേരിട്ട് ശേഖരിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം.

ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ, അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് സർക്കാർ ധനസഹായം നൽകി പ്രവർത്തിപ്പിക്കുകയോ ചെയ്യണം.

പ്രതിസന്ധിയുടെ കാരണം പറഞ്ഞ് തൊഴിലാളികളുടെ വേതനം കാലോചിതമായി പരിഷ്ക്കരിക്കാതിരിക്കുന്നത് ആശാസ്യമല്ല. ആയതിനാൽ ജീവിത നിലവാരത്തിനനുസരിച്ച് തോട്ടം തൊഴിലാളികളുടെ വേതനത്തിൽ ആവശ്യമായ വർദ്ധനവ് കാലാകാലങ്ങളിൽ നടപ്പിലാക്കേതാണ്.

പ്ലാന്റേഷൻ മേഖല ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നപരിഹാരത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കേണ്ടതാണ്.

............

# ഉപസംഹാരം

നമ്മുടെ സാമൂഹിക, സാമ്പത്തിക മേഖലകളിൽ പ്ലാന്റേഷൻ മേഖല വലിയ
ഭാവനകൾ നൽകിയിട്ടുണ്ട്. നിർഭാഗ്യവശാൽ കേരളത്തിലെ എല്ലാ പ്ലാന്റേഷനു
ം പ്രതിസന്ധിയുടെ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. നമ്മുടെ
സ്ഥാനത്തിന് സുവ്യക്തമായ ഒരു പ്ലാന്റേഷൻ പോളിസി ഉണ്ടായിരിക്കേണ്ടതാണ്.
ക്കാർ തോട്ടങ്ങൾക്ക് പാട്ടത്തിന് ഭൂമി കൊടുത്തപ്പോൾ ആ സ്ഥലങ്ങളിൽ മനു
വാസമോ, കൃഷിയോ ഒന്നും തന്നെ ഇല്ലാതിരുന്ന വനമായിരുന്നു. നൂറ്റാണ്ടുക
മനുഷ്യാധ്വാനത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലമായിട്ടാണ് ഇന്നത്തെ
ന്റേഷൻ വ്യവസായം രൂപപ്പെട്ടത്.

വിപണിയെ സ്വതന്ത്രമാക്കുകയും പൊതുസഹകരണമേഖലയിലൂടെ തോട്ടവിള
സർക്കാർ തന്നെ സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്താൽ അത്
ം മേഖലയ്ക്ക് ആകെ ഉണർവ്വ് പകരുമെന്നും സ്വന്തമായി വിപണന ശൃംഖല
ത്ത ചെറുകിട ഇടത്തരം തോട്ടങ്ങളുടെ നിലനില്പിന് കളമൊരുക്കുമെന്നുമുള്ള
ത്തിൽ സംശയമില്ല. തോട്ടം മേഖല അഭിമുഖീകരിക്കുന്നതും ഭാവിയിൽ രൂക്ഷ
നിടയുള്ളതുമായ ഒരു പ്രതിസന്ധിയായി കമ്മീഷന് തോന്നിയത് തൊഴിലാളിക
ലഭ്യതയില്ലായ്മയാണ്. ഇവിടെ തൊഴിലാളികളെ കിട്ടാത്തതിനാൽ അന്യസം
തൊഴിലാളികളെ കൊണ്ടുവരുന്ന പ്രവണത വർദ്ധിച്ചുവരുകയുമാണ്.

സമസ്ത മേഖലയിലും ത്വരിതഗതിയിലുള്ള പുരോഗതി ഉണ്ടായിക്കൊണ്ടിരി
ാൾ തോട്ടം മേഖലയിൽ നിത്യദുരിതമനുഭവിക്കുന്ന തൊഴിലാളികളുടെ

മേഖലയിലെ ഇന്നത്തെ പ്രതിസന്ധി പരിഹരിച്ച് പഴയ പ്രതാപം വീണ്ടെടുക്കേണ്ടത് തോട്ടം ഉടമകളുടെയും തൊഴിലാളികളുടെയും സർക്കാരിന്റെയും കടമയാണ്.

**ജസ്റ്റീസ് എൻ. കൃഷ്ണൻ നായർ**

തിരുവനന്തപുരം
10.08.2016

=========